Detroit Malayalee Association

www.dmausa.org

# DHWANI

# ധ്വനി

Vol. 10 | Issue -01 | January-June 2017

5
**ഒരു മുത്തശ്ശിക്കഥ**
ജോസൻ ജോർജ്

47
**മനസ്സിന്റെ ചെപ്പിൽ ഒരു കണ്ണീർ മുത്ത്**
ഡോ. എൻ.പി. ഷീല

17
**വാക്സിൻ വിരുദ്ധർ അറിയേണ്ട ലോക ചരിത്രം**
ഡോ. ശിരോമണി

35
**പറഞ്ഞു മറന്ന കഥ**
സാജൻ ജോസ്

8
**മല്ലു ക്ലബ്ബും ലൂക്കായുടെ അമേരിക്കൻ പൗരത്വവും**
ജയിംസ് കുരീക്കാട്ടിൽ

INDUS FINANCIAL LLC

**SERVING MICHIGAN SINCE 1998**

**Indus Financial NMLS #: 1465652**




**MOHAN PANANGAVIL**
**NMLS #: 138021**

**WE PROVIDE RESIDENTIAL AND COMMERCIAL MORTGAGE SERVICES. EXCELLENT RATES AND FAST CLOSING. VERY LESS PAPER WORK BECAUSE WE ARE ON CUTTING EDGE TECHNOLOGY WITH ELECTRONIC DOCUMENTATION. WE GIVE INSTANT PRE-APPROVAL LETTERS TO PROSPECTIVE HOME BUYERS. NO COST OPTIONS ARE AVAILABLE.**

**(734) 525 - 1234** **(248) 670-9044**

**www.indusfinancial1.com**

## About Us?

**Mohan Panangavil** began originating residential mortgages in Michigan since 1998. His long term experience in providing residential loans enables him in solving every loan situation, there is.

Address: 1729 Fleetwood Dr, Troy, MI 48098

## Why Choose Us?

At Indus Financial, we have a dedicated team that loves what they do. Our dedication enables us to provide the Highest Level Customer Satisfaction and Experience.

Email: indusfinancial@gmail.com

**EDITORIAL BOARD**
*Chief Editor:* Noble Thomas
*Senior Editor:* James Kureekkattil
*Executive Editor:* Thomas Karthanal
*Content Editor:* Vinod Kondoor
*Associate Editor:* Akash Abraham
*Literary Editor:* Shalini Jayaprakash
*Sub Editor:* Viji Kurup
*Sub Editor:* Mathew Cheruvil
*Youth Editor:* Prisca Abraham

**OFFICE BEARERS**
*President* :
Sajan Elengikal
*Vice President* :
Sanju Koithara
*General Secretary* :
Boby Thomas Alappattukunnel
*Joint Secretary :*
Abhilash Paul
*Treasurer* :
Manoj Jaiji
*Joint Treasurer:*
Biju Joseph
*Women's Forum President:* Shreekala Kutty
*Women's Forum Secretary :* Neema Sam
*Youth Forum President:* Prisca Abraham

**BOARD OF TRUSTEE**
*BOT Chairman* : Mathew Cheruvil
*BOT Vice Chairman :* Paul P Kuriakose
*BOT Secretary:* Mohan Panangavil

**EXECUTIVE COMMITTEE**
Agithakumar Kocheri Karthikeyan
Akash Abraham    Binu Mathew
Diaz Thomas    Dinesh Lakshmanan
George Vannilam    Gigi Paul
Girish Nair    James Kureekattil
Jayakumar Ravindran    Mathew Cheruvil
Mohan Panangavil    Noble Thomas
Osborne David    Paul P. Kuriakose
Prashant Chandrasekaran    Rajesh Kutty
Prince Abraham    Rajesh Nair
Rojan Thomas    Saijan Joseph
Sajith Menon    Sam Mathew
Samji Koshy    Shaji Thomas
Shibu Varghese (Geo)    Shone Karthanal
Sreekumar Kambath    Sudarsana Kurup
Surendran Nair    Surya Gireesh
Thomas George (Chachi)    Tomi Moolan
Thomas Karthanal    Toms Mathew
Vinod Kondoor

*Pictures of the DMA events, in this edition of Dhwani, are the Courtesy of* **Shibu Varghese (Geo)**. *He is a Troy, Michigan lifestyle photographer and visual storyteller. Visit* ***varghesephotography.com*** *for more information.*

# content

President's Message *Sajan George Elengikal*. .................... 2
എഡിറ്റോറിയൽ : *നോബിൾ തോമസ്* .................... 3
Awards, Achievements / Recognitions. .................... 4
ഒരു മുത്തശ്ശിക്കഥ .................... 5
*ജോസൻ ജോർജ്, ഡാളസ്*
ഡിട്രോയിറ്റ് മലയാളി അസോസിയേഷന്റെ ക്രിസ്മസ് ആഘോഷം . 6
*തോമസ് കർത്തനാൾ*
കൊഴിഞ്ഞുപോയ കാലം .................... 7
*വിജി എസ്. കുറുപ്പ്*
മല്ലു ക്ലബ്ബും ലൂക്കായുടെ അമേരിക്കൻ പൗരത്വവും .................... 8
*ജയിംസ് കുരീക്കാട്ടിൽ*
ആത്മാക്കളുടെയുംപ്രേതങ്ങളുടെയും ലോകം .................... 11
*റോബിൻ ആചാര്യ*
ഇൻഡ്യൻ അമേരിക്കൻ .................... 15
*തോമസ് കുഴിക്കാല*
വാക്സിൻ വിരുദ്ധർ അറിയേണ്ട ലോക ചരിത്രം .................... 17
*ഡോ. ശിരോമണി*
പ്രണയി .................... 19
*ബെൽസി തോമസ്*
ന്യൂറോ ലിങ്ക്വിസ്റ്റിക് പ്രോഗ്രാമിങ് യഥാർത്ഥ വസ്തുതകൾ .................... 21
*ഷിംജിത്ത് കുമാർ*
DMA Valentine's Day Celebration. .................... 26
*Shreekala Kutty*
വായനക്കാർ കുറയുന്നു എഴുത്തുകാർ കൂടുന്നു .................... 31
*ജെ. മാത്യൂസ്*
കുസൃതി .................... 33
*അനിതാ പണിക്കർ*
പറഞ്ഞു മറന്ന കഥ .................... 35
*സാജൻ ജോസ്*
DMA Charity & Community Outreach. .................... 39
*Rajesh Kutty*
അടയാളങ്ങൾ .................... 41
*സോയ നായർ ഫിലഡെൽഫിയ*
പ്രാണസഖി .................... 45
*തെരേസ തോമസ്*
മനസ്സിന്റെ ചെപ്പിൽ ഒരു കണ്ണീർ മുത്ത് .................... 47
*ഡോ. എൻ.പി. ഷീല*
ഇംഗ്ലീഷ് മരുന്നും സൈഡ് ഇഫക്റ്റും .................... 51
*കുഞ്ഞാലികുട്ടി*
BBQ Green Chicken. .................... 55
*Shreekala Kutty*
ഞണ്ട് തോരൻ .................... 56
*Boni Koithara*
ഗോപി മഞ്ചൂരിയൻ .................... 56
*SalinaThomas*



# Presidents Message

I am incredibly honored and delighted to be the the 37th President of Detroit Malayalee Association (DMA). Over the years, DMA has made every effort to highlight, celebrate, and preserve Malayalee culture and traditions in the metro Detroit area through our diverse, cultural, social and philanthropic activities. We are glad that DMA has played a significant part in strengthening and bonding the Malayalee community.

We have an energetic, dedicated, and professional group of people serving on the executive committee. Along with my dedicated office bearers it is my privilege to serve you with the support of this wonderful team. We will continue our traditions again this year by conducting colorful and exciting programs such as our annual picnic, Onam and Christmas.

DMA is without a doubt the pioneer in the Malayalee community in Michigan that spearheads and sets new benchmarks time and time again with its charity and community outreach activities. We have touched hundreds if not thousands of lives both in USA and in our heartland Kerala over the last several years with our sense of social responsibility and big hearted efforts in giving back. Our charity services include dedicated soup kitchen services, clothes donations, food drives, Adopt –A- Road programs, and financial support to the needy in Kerala.

As in the past years , I expect your continued encouragement and support to DMA in 2017.

**Sajan George Elengikal**
*President, DMA*



# എഡിറ്റോറിയൽ

## കൂട്ടായ്മകളുടെ വേനൽക്കാലം

അമേരിക്കയിലെ വേനൽക്കാലം, കേരളത്തിൽ മഴക്കാലമാണ്. പക്ഷെ കേരളത്തിൽ ആണെങ്കിലും, അമേരിക്കയിൽ ആണെങ്കിലും, ഇതര കാലങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഏവർക്കും ഇഷ്ടപ്പെട്ട സമയം അല്ലെങ്കിൽ കാലം ആണ് വേനൽക്കാലം. മഴയും, മഞ്ഞുമൊന്നുമില്ലാത്ത രണ്ടു മൂന്നു മാസങ്ങൾ, നിരവധി കൂട്ടായ്മകൾക്ക് വഴിയൊരുക്കുന്നു. കൂട്ടുകാർക്കും നാട്ടുകാർക്കുമിടയിലെ ഒരു ഊഷ്മളമായ ഒരു ബന്ധം നിലനിർത്തുന്നതിൽ, വേനൽക്കാലത്തിലെ ഈ കൂടിച്ചേരലുകൾക്ക് വലിയ പങ്കാണുള്ളത്. ഈ കൂട്ടായ്മകളിലെ, സ്നേഹാദരമായ കൊടുക്കൽ വാങ്ങലുകളാണ് നമ്മുടെ ഗ്രാമങ്ങളിൽ മതമൈത്രിയും, മനുഷ്യസ്നേഹവുമൊക്കെ നട്ടു വളർത്തിയത്. നാടും വീടും വിട്ട് അന്യരാജ്യങ്ങളിൽ താമസമാക്കിയിരിക്കുന്ന പ്രവാസികളുടെ ഇടയിൽ, ഈ കൂട്ടായ്മകൾക്ക് പ്രമുഖ സ്ഥാനമാണുള്ളത്. ഒരു ബഹുസ്വര സമൂഹത്തിൽ ജീവിക്കുന്ന ആർക്കും ഈ കൂടിച്ചേരലുകൾ ഒഴിവാക്കാൻ സാധിക്കുകയില്ല.

ഈ കൂട്ടായ്മകളുടെ കാര്യത്തിൽ ഡിട്രോയിറ്റ് മലയാളി അസോസിയേഷൻ (ഡി.എം.എ) ഒരു പക്ഷെ എന്നും പ്രഥമസ്ഥാനം വഹിക്കുന്നു എന്നു വേണമെങ്കിൽ പറയാം. ഡി.എം.എ.യുടെ ഏതു കൂട്ടായ്മ എടുത്താലും അത് ഒരു ആഘോഷമാണ്. അഡോപ്റ്റ് എ റോഡ്, ഹാബിറ്റാറ്റ് തുടങ്ങിയ ചാരിറ്റി പ്രവർത്തനങ്ങളോ, അതോ, താരനിശ, ഓണം, ക്രിസ്തുമസ് എന്നിങ്ങനെയുള്ള ആഘോഷങ്ങളോ, എന്തുമായിക്കൊള്ളട്ടെ, അത് ഒരു ആഘോഷമാക്കിയാണ് ഡി.എം.എ. പ്രവർത്തകർ നടത്താറുള്ളത്. ഈ വർഷവും അതിൽ നിന്നും ഒട്ടും വ്യത്യസ്തമല്ല. ജൂൺ 10 ലെ പിക്നിക്, ജൂലൈ 1 ലെ വിജയ് യേശുദാസ് ഷോ എന്നിങ്ങനെ കൂട്ടായ്മകളുടെ ഒരു പരമ്പരയാണ് ഈ വേനൽക്കാലത്തിനെ കാത്തിരിക്കുന്നത്.

ഈ കൂട്ടായ്മകൾ പോലെ തന്നെയാണ് ഡി.എം.എ യ്ക്ക് ധ്വനി എന്ന മാസികയും. ഈ അമേരിക്കൻ പ്രവാസജീവിതത്തിൽ നാടിനെയും മലയാളഭാഷയെയും നെഞ്ചോടു ചേർത്തു പിടിക്കാനും, ഡി.എം.എ യിലെ മുതിർന്നതും വളർന്നു വരുന്നതുമായ എഴുത്തുകാരുടെ ഗദ്യ-കാവ്യ സൃഷ്ടികളും നോർത്ത് അമേരിക്കയിലെ പ്രഗൽഭ മലയാളി എഴുത്തുകാരുടെ സൃഷ്ടികളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ധ്വനി ഡി.എം.എ യെ സംബന്ധിച്ച് വെറും ഒരു മാസിക എന്നതിലുപരി ഒരു വികാരം തന്നെയാണ്.

ജീവിതത്തിന്റെ സങ്കീർണ്ണതകളിൽ പിരിമുറുക്കം അനുഭവിച്ചു കൊണ്ടിരിക്കുന്ന നമുക്ക് ഓരോരുത്തർക്കും, മാനസികമായ ഉല്ലാസവും, അഭയവും നൽകുന്ന വൈവിധ്യമാർന്ന കൂട്ടായ്മകളുടെ ഒരു നല്ല വേനൽക്കാലം എല്ലാവർക്കും ആശംസിക്കുന്നു.

സ്നേഹത്തോടെ

Noble Thomas

**നോബിൾ തോമസ്**
ചീഫ് എഡിറ്റർ





# Awards / Achievements / Recognitions



Congratulations **James Kureekkattil**, Registered Freelance Journalist, for becoming the National Vice President of Indo American Press Club.



Congratulations **Aditya Kutty** for winning 2nd Place in the Annual 4 Way Essay Contest conducted by Rotary International for Plymouth Canton School District.

The topic he wrote was ' Plight of farmers in drought-hit California'. His article was chosen for 2nd place from among 1776 essays across the school district.



Congratulations **Aditya Kutty** for winning Second Place in SkySlate Vocabulary Genius Contest conducted by SkySlate and Kerala Club.



Congratulations **Rajesh Kutty** for receiving the Volunteer Service Award from University of Michigan Health System in recognition of helping patients with more than 2000 hours of service.



Congratulations **David Joseph** for winning First place in Mathematics competition conducted by Kerala Club.



Congratulations **George Elengikal** for participating in the Global Finals of Destination Imagination (DI) in Knoxville, Tennessee held in May 2016 with his team representing the Novi School District elementary division. DI is a cause-driven, volunteer-led non-profit organization dedicated to teaching students the creative process through STEM (science, technology, engineering and mathematics), the arts and service learning challenges. Global Finals had over 8000 students in 1468 teams representing 17 countries from around the world. George and his team competed in the Technical Challenge category in which they created a vehicle with two propulsion systems and two movement methods. They qualified for Global Finals after winning the Regional and State DI competitions.





ജോസൻ ജോർജ്, ഡാളസ്
josen364@gmail.com

# ഒരു മുത്തശ്ശിക്കഥ



Paulo Coelho (പൗലോ കൊയ്ലോ) എന്ന ലോകപ്രശസ്ത ബ്രസീലിയൻ സാഹിത്യകാരന്റെ *"The Devil and Miss Prym"* (ചെകുത്താനും ഒരു പെൺകിടാവും) എന്ന പ്രസിദ്ധമായ നോവലിലെ 'ബർത്ത മുത്തശ്ശി' എന്ന കഥാപാത്രമാണ് ഈ കവിതയ്ക്കു പ്രചോദനം. കാമ്യമായ കൗമാര-യൗവ്വനങ്ങളെ മറികടന്ന് നാം അറിയാതെ ചെന്നെത്തപ്പെടുന്ന വാർദ്ധക്യത്തിന്റെ വിഹ്വലതകളുടെ ഒരു നേർക്കാഴ്ച.

കുന്നിൻമുകളിലെ കൊച്ചുഗ്രാമത്തി-
ലൊരിത്തിരിപോന്ന കുടിലു കാണുന്നുവോ?
കുമ്മായത്തൂണുമായ്, ചെമ്മൺചുമരുമായ്
പനയോല പാകി, പഴകിയതാം കുടിൽ.
        വെൺമേഘവും, കരി മേഘനീർച്ചാലും,
        പനിമതിതന്റെ തെളിനിലാവത്രയും,
        കത്തുംകതിരോന്റെ പൊൻവെയിലും കട-
        ന്നെത്തുമീ കൂരയിൽ ശങ്കയെന്യേ.
പണ്ടു നാം കേട്ടൊരു മുത്തശ്ശിക്കഥയിലെ
മുത്തശ്ശി പോലൊരു 'മുത്തി'യുണ്ടങ്ങതിൽ,
കൂനിക്കുറുകി കുനിഞ്ഞു നടക്കുമാ-
മുത്തശ്ശി നാട്ടുകാർക്കെന്നുമൊരത്ഭുതം
        വഴിയാത്രികർക്കു വഴിയോരക്കാഴ്ചയായ്
        വഴിക്കണ്ണുമായങ്ങിരിക്കുന്ന മുത്തശ്ശി
        ഈർപ്പം വിതുമ്പുമാ മൺകുടിൽ തിണ്ണയിൽ
        'പുരാവസ്തു'പോൽ, ഒരപൂർവ്വജന്മം.
ചെമ്പൻതലമുടിയല്പം നെറുകയിൽ,
ചുക്കിച്ചുളുങ്ങിയിരുണ്ട നെറ്റിത്തടം,
ജീർണ്ണിച്ച സ്വപ്നങ്ങളൊക്കെയും കത്തി-
ക്കരിഞ്ഞു കുഴിഞ്ഞ കുഴിക്കണ്ണുകൾ.
        നിറമാറൊരോർക്കാ കടംകഥയായ് മാറി,
        മാറിലൊളിച്ച തൊലിമുലകൾ.
        ഏഴഴകൊത്ത വയറിന്റെയോർമ്മയ്ക്കൊ
        രോർമ്മക്കുറിപ്പായ് കുഴിപ്പുക്കിൾ മാത്രം
കാലുകൾ നീട്ടിയിരിക്കുമീ 'മുത്തി'തൻ
കാൽനഖമോ കരിയൊത്ത വർണ്ണം
എത്തിനോക്കുന്നുണ്ടു മുത്തശ്ശി, വീഥിയി,-
ലെത്തുന്നൊരാളെ തിരയുന്നപോൽ.
        കുത്തിയിരിക്കുമീ മുത്തശ്ശി യെന്നുമീ
        കുത്തിയൊലിക്കും മഴത്തിണ്ണയതിൽ
        കത്തിയെരിയും കതിരവനെങ്കിലും
        മുത്തശ്ശിക്കോ മാറ്റമങ്ങേതുമില്ല.
പൂർവ്വചരിത്രം കുറിച്ച തില്ലാരു-
മൊരോർമ്മക്കുറിപ്പും കുറിച്ചില്ല മുത്തി.
ഈ 'മുത്തി' 'മിത്ത'ല്ലി തിഹാസമാണോർക്ക
കൂട്ടരെ, നാം സ്വയമെല്ലാം മറക്കയോ?
        നൂറുവർഷങ്ങൾക്കുമപ്പുറ മോർമ്മയിൽ
        പാറിപ്പറക്കുന്ന ബാല്യമുണ്ടാം.
        കൗമാര-യൗവ്വന സ്വപ്നമുണ്ടാം, പിന്നെ-
        യുൾത്തടംതിങ്ങിയ ദാമ്പത്യവും
നേർത്തുനേർത്തില്ലാതെയായവയൊക്കെയും
കാലപ്രവാഹത്തിൽ കുത്തിയൊഴുക്കിൽ
        ആർത്തുപെയ്യുന്നതാം കാർമേഘപാളികൾ
        ഓർമ്മച്ചിത്രങ്ങളെ മായ്ചിടുമ്പോൾ
        നേർത്തുപോകുന്നിതാ, ആയുസ്സു, മോർമ്മയും
        ഓർമ്മയില്ലാത്ത ഈ മുത്തശ്ശിയും
ഓർക്കാപ്പുറത്തൊരു ചോദ്യം, മനഃസാക്ഷി
ചോദിച്ചതെന്നിൽ ഉമിത്തീയൊരുക്കി
നമ്മൾ ഓർക്കാതെ പോകുമീ മുത്തിതൻ
ശേഷമീ തിണ്ണയിൽ നമ്മളിലാരായിടാം?





# Jingle 'n Mingle



തോമസ് കർത്തനാൾ

## ഡിട്രോയിറ്റ് മലയാളി അസോസിയേഷന്റെ ക്രിസ്മസ് ആഘോഷം

ഡിസംബർ മൂന്ന് ശനിയാഴ്ച, സൗത്ഫീൽഡിലുള്ള സാന്തോം ഓഡിറ്റോറിയത്തിൽ വച്ച്, ഗൃഹാതുരത്വ ഓർമ്മകൾ ഉണർത്തി ഡി.എം.എ. യുടെ ക്രിസ്മസ് ആഘോഷം നടന്നു. പുതുമകൾ കൊണ്ടും, കലാമികവ് കൊണ്ടും, ജനപങ്കാളിത്തം കൊണ്ടും, ഓർമ്മയിൽ എന്നും സൂക്ഷിക്കാവുന്ന ഒരു ആഘോഷമായിരുന്നു ഇത്തവണത്തേത്. ഡി.എം.എ. പ്രസിഡന്റ് സൈജൻ കണിയോടിക്കൽ ആശംസാ പ്രസംഗം നടത്തി. സെന്റ് തോമസ് സീറോ മലബാർ ചർച്ച് വികാരി ഫാ. റോയി മൂലേച്ചാലിൽ ക്രിസ്മസ് സന്ദേശം നൽകി. കലാപരിപാടികളുടെ അവതാരകരായി വർക്കി പെരിയപ്പുറവും, പ്രിസ്ക എബ്രാഹവും തിളങ്ങി.

സംഗീത സാന്ദ്രമായ അന്തരീക്ഷത്തിൽ സമ്മാനപ്പൊതികളുമായി സാന്താക്ലോസ് (ബിജു ജോസഫ്) സദസ്സിൽ എത്തിയപ്പോൾ ആവേശം അണപൊട്ടി ഒഴുകി. വാദ്യമേളങ്ങളുടെ അകമ്പടിയോടെ ക്രിസ്മസ് പാപ്പ എല്ലാവർക്കും ഒപ്പം ആടിയും പാടിയും ഉത്സവാന്തരീക്ഷം സൃഷ്ടിച്ചു. എല്ലാ കുട്ടികൾക്കും ക്രിസ്മസ് പാപ്പ സമ്മാനങ്ങൾ വിതരണം ചെയ്തു.

പ്രോഗ്രാം കോ-ഓർഡിനേറ്റർ കൂടി ആയിരുന്ന അഭിലാഷ് പോൾ സംവിധാനം നിർവഹിച്ച സാൽവേർ എന്ന നാടകം എല്ലാവരുടെയും പ്രശംസ പിടിച്ചു പറ്റി. യേശുവിന്റെ ജനനം മുതൽ മരണം വരെയുള്ള ജീവിത കഥയായിരുന്നു സാൽവേർ. സംഗീത സാന്ദ്രമായ ഈ നാടകം, യുവി ലൈറ്റ് ടെക്നോളജിയുടെ സഹായത്തോടെ, വളരെ വ്യത്യസ്തതയോടു കൂടി അവതരിപ്പിച്ചത്, ആസ്വാദകരിൽ നവ്യാനുഭൂതി സൃഷ്ടിച്ചു.

സൈജൻ കണിയോടിക്കൽ രചനയും സംവിധാനവും നിർവഹിച്ച രായപ്പന്റെ ബോക്സിങ് ഇതിഹാസം എന്ന കോമഡി സ്കിറ്റ് കാണികളിൽ ചിരിയുണർത്തി.

ഗാനങ്ങൾ ആലപിച്ചവരും ഡാൻസുകൾ അവതരിപ്പിച്ചവരും, മികവുകൾ കൊണ്ട് കാണികളുടെ കയ്യടി നേടി. ഡി.എം.എ. അസോസിയേഷൻ അംഗങ്ങൾ അവതരിപ്പിച്ച നാടൻ കരോളും, കരോൾ ഗാനങ്ങളും എല്ലാവരിലും ഗൃഹാതുരത്വ ഓർമ്മകളുണർത്തി.

ഡി.എം.എ. സെക്രട്ടറി നോബിൾ തോമസ് എല്ലാവർക്കും നന്ദിയും, നല്ല ഒരു ക്രിസ്മസും പുതുവത്സരവും ആശംസിച്ചു.

രാത്രി ഒമ്പതു മണിയോട് കൂടി തിരശീല വീണ, ഡി.എം.എ. യുടെ ഈ വർഷത്തെ ക്രിസ്മസ് ആഘോഷപരിപാടികൾ പ്രായഭേദമന്യേ മുതിർന്നവരും, കുട്ടികളും ഒന്നു പോലെ ആസ്വദിച്ചു.

















കവിത



# കൊഴിഞ്ഞുപോയ കാലം

തളിരായി പൂവായി കായായി
മധുരിയ്ക്കും മുൻപേ കൊഴിഞ്ഞുപോയി
തണലായി നിന്ന മരത്തിനു
ചെറുതായി ഒരു ഉലച്ചിൽ തട്ടി
ചെറു കിളികളും കാക്കയും പറന്നു പോയി
വെടികൊണ്ടുലഞ്ഞ മരത്തിൽ നിന്നും
പല പല നിറമാണ് തോന്നിയത്
നെടുവീർപ്പായെൻ മനസ്സിൽ
കുയിലുകൾ മുട്ട കാക്കതൻ കൂട്ടിൽ
അറിയാതെ വന്നിടുന്നപോലെ
ചെറുകാലുകൾ വെച്ചു പറന്നിടുമ്പോൾ
അനുദിനം നമ്മെ മറന്നിടുന്നു
പല പല ജന്മങ്ങൾ ഉണ്ടായിട്ടും
മരത്തിന്റെ തണലിനു മാറ്റമില്ല
പുതുതായി വന്ന ഇളം കാറ്റിനും
പഴമതൻ നറുമണം തന്നെ
അതിരറ്റ് സ്നേഹിക്കുന്നുണ്ട് ഞാൻ
ഇളം തെന്നലുപോലുമറിയാതെ
നെറുകയിൽ കൈവച്ചു ഞാൻ
എന്റെ പൊയ്പോയ കാലത്തെ ഓർത്തു





വിജി എസ്. കുറുപ്പ്




# മല്ലു ക്ലബ്ബും ലൂക്കായുടെ അമേരിക്കൻ പൗരത്വവും



ജയിംസ് കുരീക്കാട്ടിൽ

**ക**ൺഗ്രാജുലേഷൻസ് ലുക്കാച്ചാ. താൻ അമേരിക്കൻ സിറ്റിസൺ ആയെന്ന് കേട്ടല്ലോ? മല്ലു ക്ലബ്ബ് അംഗങ്ങൾ മെമ്മോറിയൽ ഡേ ആഘോഷിക്കാൻ കുന്നേൽ ബോബന്റെ വീട്ടിൽ കൂടിയപ്പോഴാണ് ഈപ്പന്റെ വക ലൂക്കാച്ചന് അഭിനന്ദനം.

ഓ എന്നാ പറയാനാ ഈപ്പച്ചാ, പെട്ടുപോയില്ലേ. രണ്ടു വർഷം മുമ്പ് ഭാര്യയും മക്കളും വരെ സിറ്റിസൺ ഷിപ് എടുത്തപ്പോഴും വേണ്ടന്ന് കരുതി ഇരുന്നതാണ്. പഹയൻ ട്രംപ് നമ്മളോടൊക്കെ പാക്കപ്പ് ചെയ്യാൻ പറയുമോന്ന് ഒരു പേടി തോന്നിയത് കൊണ്ട് സിറ്റിസൺ ഷിപ് അങ്ങെടുത്തു.

അതിനെന്താടോ തനിക്കൊരു സങ്കടം. സന്തോഷിക്കുകയല്ലേ വേണ്ടത്. എത്രയോ പേരാണ് അമേരിക്കയിലേക്ക് ഒരു വിസ കിട്ടാൻ പോലും ആഗ്രഹിക്കുന്നതും കഷ്ടപെടുന്നതും. ഹൈദരാബാദിൽ വിസാ ടെംപിൾ എന്ന പേരിൽ അറിയപ്പെടുന്ന ഒരു ക്ഷേത്രം പോലും ഉണ്ട്. വിദേശത്ത് പോകാൻ ആഗ്രഹിക്കുന്നവരുടെ പാസ്പോർട്ടുകൾ പൂജിക്കുന്നതാണ് അവിടുത്തെ ഒരു പ്രധാന ചടങ്ങ്. നമ്മുടെ കേരളത്തിലെ ഒരു ധ്യാനഗുരുവിന്റെ പരസ്യം താൻ കണ്ടിട്ടില്ലേ. വിദേശത്ത് പോകാൻ ആഗ്രഹിക്കുന്നവരുടെ പാസ്പോർട്ട് വെഞ്ചിരിക്കുന്ന പണി അങ്ങേർക്കുമുണ്ട്. ഇങ്ങനെ അമേരിക്കയിലേക്ക് വരാൻ പാസ്പോർട്ട് വരെ പൂജിച്ചും വെഞ്ചിരിച്ചും നടക്കുന്ന ആളുകൾ നാട്ടിലുള്ളപ്പോൾ, ഗ്രീൻകാർഡും അമേരിക്കൻ പൗരത്വവും ഇത്ര പെട്ടെന്ന് ചുളുവിൽ കിട്ടിയതിൽ സന്തോഷിക്കാനുള്ളതിന് പകരം മൂഡ് ഔട്ട് ആയി ഇരിക്കുകയാണോ വേണ്ടത്? ഇങ്ങനെ പ്രണയനൈരാശ്യം പിടിച്ച കാമുകനെ പോലിരിക്കാതെ അർമാദിക്കടോ ലൂക്കാച്ചാ.

ഈപ്പന്റെ ഡയലോഗൊന്നും പക്ഷെ ലൂക്കാച്ചനെ ഉണർത്തിയില്ല. പ്രണയനൈരാശ്യം തന്നെയാടോ ഈപ്പാ. നാടിനോടുള്ള പ്രണയം. ആ മണ്ണും, പച്ചപ്പും, നദികളും ഭാഷയുമൊക്കെ എന്നെന്നേക്കും അന്യമാകുന്നതിന്റെ നിരാശ.

മണ്ണും പച്ചപ്പും നഷ്ടപെടുന്നതിൽ മാത്രമേ നിരാശയൊള്ളോ? അവിടുത്തെ കൊതുകും, ഡെങ്കി പനിയും കറണ്ട് കട്ടും,ഹർത്താലും ഒന്നും നഷ്ടപെടുന്നതിൽ നിരാശയില്ലേ? പിന്നെ താൻ പറഞ്ഞ മണ്ണും, മരങ്ങളും തടാകങ്ങളും. അതൊക്കെ അവിടെയുള്ളതിനേക്കാൾ ഇവിടെയുണ്ട്. ലോകത്തോട് മുഴുവൻ കമ്മ്യൂണിക്കേറ്റ് ചെയ്യാൻ കഴിയുന്ന ഭാഷയും. ക്രിക്കറ്റ് ജോണിടെ വകയാണ് പരിഹാസം.

എടാ ജോണി, വന്ന വഴി മറക്കരുത്. ജോണിടെ പരിഹാസം ലൂക്കാച്ചനെ ക്രൂദ്ധനാക്കി. അമേരിക്കയല്ല, ലോകത്ത് എവിടെയെത്തിയാലും ജനിച്ച നാടിനെ അവഹേളിക്കരുത്. കാരണം അത്രയും ഉന്നതമായൊരു സംസ്കാരവും പാരമ്പര്യവും ഉള്ള നാട്ടിൽ ജനിച്ചവരാണ് നമ്മൾ. 'അതിഥി ദേവോ ഭവ:' എന്ന് ചൊല്ലികേട്ട് വളർന്നവരാണ് നമ്മൾ. സ്ത്രീകളെ പൂജിക്കുന്നതാണ് നമ്മുടെ സംസ്കാരം. 'ലോകാ സമസ്താ സുഖിനോ ഭവന്തു' എന്നാണ് നമ്മൾ പ്രാർത്ഥിച്ചിരുന്നത്. ഒറ്റ ശ്വാസത്തിൽ ലൂക്കാ ഭാരതത്തിന്റെ ഗുണങ്ങൾ വിളമ്പി.



ഇയാളീ പറയുന്നതിൽ എന്തെങ്കിലും കാര്യമുണ്ടോ ചാക്കോച്ചാ. ലോകരാജ്യങ്ങൾക്ക് മുമ്പിൽ ഭാരതം അത്ര വല്യ സംഭവമാണോ? എല്ലാം ശ്രദ്ധിച്ചുകേട്ടുകൊണ്ട് നിശബ്ദനായി ഇരുന്ന ചാക്കോച്ചന്റെ നേർക്ക് ഈപ്പൻ ചോദ്യം എറിഞ്ഞു. ഈപ്പന് അറിയാം ചാക്കോച്ചൻ ഇടപെട്ടാലെ വിഷയം കത്തി പിടിക്കുകയുള്ളൂവെന്ന്.

ഒരു നേരിയ മന്ദഹാസത്തോടെ ചാക്കോച്ചൻ സംസാരിച്ചു തുടങ്ങി. ഓരോ രാജ്യത്തിന്റെയും സംസ്കാരം അളന്ന് സർട്ടിഫൈ ചെയ്യുന്ന ഏതെങ്കിലും ഏജൻസി ഉള്ളതായി എനിക്കറിയില്ല. ലോകത്തിന്റെ ഏത് കോണിൽ ജനിച്ച ഒരാൾക്കും, അവർ ജനിച്ച നാടിനോടും ആ നാടിന്റെ സംസ്കാരത്തോടും ഭാഷയോടും ഒക്കെ ഇഷ്ടവും സ്നേഹവുമുണ്ടായിരിക്കുകയെന്നത് സ്വാഭാവികമാണ്. ഇന്ത്യയിൽ ജനിച്ച നമ്മൾ നമ്മുടെ നാടിനെ കുറിച്ച് 'സാരെ ജഹാംസേ അച്ഛാ' എന്ന് പാടി അഭിമാനിക്കുന്നു. ഇവിടെ അമേരിക്കയിൽ ജനിച്ചു വളരുന്ന നമ്മുടെ മക്കൾ Land of the Free and the Home of the Brave എന്ന് പാടി ഈ നാടിനെ കുറിച്ച് അഭിമാനിക്കുന്നു. പക്ഷെ നമ്മൾ ജനിക്കാനിടയായ നാടും സംസ്കാരവും ഭാഷയുമൊക്കെയാണ് ലോകത്തിലെ ഏറ്റവും മികച്ചതെന്ന് കരുതുന്നിടത്താണ് പ്രശ്നം. അത് രാജ്യ സ്നേഹമല്ല. തീവ്ര ദേശീയതയാണ്. മതവർഗീയത പോലെ തന്നെ അപകടകരമാണ് ഈ തീവ്രദേശീയതയും. നിങ്ങൾ പറഞ്ഞില്ലേ, അതിഥി ദേവോ ഭവയുടെ കാര്യം. ഏത് അതിഥിയെയാണ് നമ്മൾ ദൈവമായി കണ്ടത്? ബ്രിട്ടിഷ്കാരെയോ?പുറത്ത് നിന്ന് വന്നവരുടെ കാര്യം പോട്ടെ, നമ്മുടെ തന്നെ ജനതയെ പല ജാതികളായി തിരിച്ച് കുറച്ചു പേരെ തൊട്ടുകൂടാത്തവരെന്നും, മറ്റ് ചിലരെ തീണ്ടികൂടാത്തവരെന്നും, വേറെ ചിലരെ ദ്രഷ്ടിയിൽ പെടുന്നത് പോലും ദോഷമുള്ളവരാക്കി, വിഭജിച്ചു നിർത്തി അടിമകളാക്കിയത് എത്രയോ ആയിരകണക്കിന് വർഷങ്ങളാണ്.



പിന്നെ സ്ത്രീകളെ പൂജിക്കുന്ന കാര്യം. ഭർത്താവ് മരിച്ചാൽ ഭാര്യയെ തീയിൽ എറിഞ്ഞു ചുട്ടുകൊല്ലുന്ന സതി എന്ന സമ്പ്രദായം ഏത് നാട്ടിലാണ് നിലനിന്നിരുന്നത്? നിങ്ങൾ ചാന്നാർ സമരത്തെക്കുറിച്ച് കേട്ടിട്ടുണ്ടോ? നമ്മുടെ കേരളത്തിൽ നടന്ന സമരമാണ്. മാറ് മറക്കാൻ അവകാശമില്ലാതിരുന്ന നമ്മുടെ സ്ത്രീകൾ ആ അവകാശത്തിന് വേണ്ടി നടത്തിയ സമരം വെറും നൂറ് വർഷങ്ങൾക്ക് മുമ്പാണ് നടന്നത്. പിന്നെ ലോകാ സമസ്താ സുഖിനോയുടെ കാര്യം. നാല് വരികളുള്ള ഒരു ശ്ലോകത്തിന്റെ നാലാമത്തെ വരിയാണ് അത്. അതിലെ ആദ്യത്തേ മൂന്ന് വരികൾ നിങ്ങളിൽ ആർക്കെങ്കിലും അറിയാമോ? പല തവണ പലയിടങ്ങളിലും ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതിനാൽ നിങ്ങളിൽ ചിലർക്ക് ആവർത്തന വിരസത തോന്നാമെങ്കിലും ഒരു തവണ കൂടി ഞാനത് ചൊല്ലാം.

'സ്വസ്തി പ്രജാഭ്യം പരിപാലയന്തം.
ന്യായേണ മാർഗ്ഗേണ മഹീം മഹേശാ
ഗോ ബ്രാഹ്മണേഭ്യ സുഖമസ്തു നിത്യം.
ലോക സമസ്ത സുഖിനോ ഭവന്തു'

അതായത് ഗോക്കളും (പശുക്കൾ) ബ്രാഹ്മണരും നിത്യവും സുഖമായിരിക്കുന്ന ലോകത്തെക്കുറിച്ചാണ് ഈ പ്രാർത്ഥന. ഏത് ലോകത്താണ് ബ്രാഹ്മണർ ഉള്ളതും പശുക്കൾ ആദരിക്കപ്പെടുന്നതും? അപ്പോൾ ഏത് ലോകത്തിന് വേണ്ടി നമ്മൾ പ്രാർത്ഥിച്ചു എന്നാണ് നിങ്ങൾ പറയുന്നത്?

അതൊക്കെ ശരിയാവാം. സന്ദീപ് നമ്പ്യാർ ഇടപെട്ടു. പക്ഷെ നമുക്ക് വേദങ്ങളും ഉപനിഷത്തുകളുമൊക്കെയില്ലേ? അറിവിന്റെ ആ മഹാഗ്രന്ഥങ്ങൾ ലോകത്തിന് സംഭാവന നൽകിയ നമ്മുടെ നാടിനെ ഓർത്ത് നമ്മൾ അഭിമാനിക്കുന്നതിൽ എന്താണ് തെറ്റ്?

അഭിമാനിച്ചോളൂ. ഒരു തെറ്റുമില്ല. ചാക്കോച്ചൻ സന്ദീപിന്റെ ചോദ്യത്തെ നേരിട്ടു. പക്ഷെ നാല് വേദങ്ങളിൽ ഒരെണ്ണം എങ്കിലും നിങ്ങൾ വായിച്ചിട്ടുണ്ടോ? ഏതെങ്കിലും ലൈബ്രറിയിൽ ഇരിക്കുന്നത് കണ്ടിട്ടെങ്കിലും ഉണ്ടോ? നൂറ്റെട്ട് ഉപനിഷത്തുകളിൽ ഒരെണ്ണമെങ്കിലും നിങ്ങൾ വായിച്ചിട്ടുണ്ടോ? ഒരു അധ്യായമെങ്കിലും.. ആരും ഒന്നും മിണ്ടുന്നില്ലയെന്ന് കണ്ടപ്പോൾ ചാക്കോച്ചൻ തുടർന്ന്. എനിക്ക് ഈ ഗ്രന്ഥങ്ങളോടൊക്കെ ആദരവ് മാത്രമേയുള്ളൂ. ലോകത്ത് ഇത് പോലെ നിരവധി ഇതിഹാസങ്ങളും, പുരാണങ്ങളും, മിത്തുകളും മതഗ്രന്ഥങ്ങളുമൊക്കെയുണ്ട്. ഇതിലെല്ലാം ഇത്തിരി അറിവുകളും നന്മയുടെ പാഠങ്ങളും ഉള്ളത് പോലെ തന്നെ,നൂറ്റാണ്ടുകൾ മുമ്പ് എഴുതപ്പെട്ടതായതിനാൽ അന്നത്തെ അറിവിനു സരിച്ചുള്ള ധാരാളം അസബന്ധങ്ങളും ഉണ്ട്. പക്ഷെ ഇതൊന്നും നിങ്ങൾ ജീവിതത്തിൽ ഒരിക്കൽപ്പോലും വായിക്കുന്നില്ലാ എങ്കിൽ ..അതിലുണ്ടെന്ന് നിങ്ങൾ പറയുന്ന അറിവുകൾ എന്താണെന്ന് അറിയാൻ ശ്രമിക്കുന്നില്ലായെങ്കിൽ പിന്നെ എന്തിനെയോർത്താണ് നമ്മൾ അഭിമാനിക്കേണ്ടത്?

എല്ലാം എല്ലാവർക്കും വായിക്കാൻ പറ്റിയെന്ന് വരുമോ ചാക്കോച്ചാ. സന്ദീപ് വിട്ടുകൊടുക്കാൻ ഭാവമില്ല. അതൊക്കെ അതിന് സമയമുള്ള ഗുരുക്കന്മാർ വായിക്കും എന്നിട്ട് അവർ പറഞ്ഞുതരും. നമ്മൾ അതനുസരിച്ചു ജീവിക്കും. അതു മാത്രമല്ലല്ലോ? മറ്റെന്തെല്ലാം നമ്മൾ ലോകത്തിന് സംഭാവന ചെയ്തിട്ടുണ്ട്? നമ്മുടെ യോഗ ഇവിടെ അമേരിക്കയിൽ കത്തി പടരുന്നത് ചാക്കോച്ചൻ കാണുന്നില്ലേ? മനുഷ്യനെ കൊല്ലുന്ന സായിപ്പിന്റെ മോഡേൺ മെഡിസിൻ പോലെയാണോ ഒരു സൈഡ് എഫക്റ്റും ഇല്ലാത്ത നമ്മുടെ ആയുർവേദം? ചോദ്യങ്ങൾ വെടിയുണ്ട പോലെ ഉതിർക്കുമ്പോൾ ഇത്തവണ ചാക്കോച്ചൻ പെട്ടു എന്നൊരു ആത്മവിശ്വാസം സന്ദീപിന് ഉണ്ടായിരുന്നു.

പക്ഷെ ഒരു കുലുക്കവുമില്ലാതെ ചാക്കോച്ചൻ കൂളായി സന്ദീപിന് നേരെ ഒരു മറുചോദ്യം തൊടുത്തു. സന്ദീപേ നീ എന്നെങ്കിലും ഈ യോഗയിലെ ഒരു ആസനമെങ്കിലും ചെയ്തിട്ടുണ്ടാ? ജീവിതത്തിൽ ചെയ്തു തുടങ്ങുമെന്ന് കരുതുന്നുണ്ടോ? ഒരു വ്യായാമമുറയെന്ന നിലയ്ക്ക് യോഗയെ ഞാൻ തള്ളിപ്പറയുന്നില്ല. പക്ഷെ അത് ചെയ്യുന്നില്ലായെങ്കിൽ പിന്നെ എന്ത് ഗുണമെന്ന പഴയ ചോദ്യം ഞാൻ ആവർത്തിക്കുകയാണ്. നിങ്ങൾ ഒരു മുപ്പത് മിനിറ്റ് ദിവസവും ഓടുകയോ വേഗത്തിൽ നടക്കുകയോ ചെയ്താൽ നിങ്ങളുടെ ശരീരത്തിന് അത് ധാരാളം മതി. യോഗയെന്ന പേരിൽ വളഞ്ഞു കുത്തി നടു ഒടിക്കണ്ട കാര്യമില്ല. പിന്നെ നിങ്ങൾ പറഞ്ഞ ആയുർവേദത്തിന്റെ കാര്യം. നിങ്ങൾക്ക് സീരിയസ് ആയ ഒരു അസുഖം വന്നാൽ നിങ്ങൾ എങ്ങോട്ടാണ് ഓടുന്നത്? എന്തിനെയാണ് ആശ്രയിക്കുന്നത്? സായിപ്പ് കണ്ടുപിടിച്ച മോഡേണ് മെഡിസിനോ അതോ ആയുർവേദമോ? ഒരു ആക്സിഡന്റ് ഉണ്ടായാലോ? ആയുർവേദം ഒന്നിനും കൊള്ളില്ലായെന്നല്ല ഞാൻ പറയുന്നത്. ഏതാണ് നമുക്ക് നിത്യ ജീവിതത്തിൽ രോഗം ഭേദമാകാനും ജീവൻ നിലനിർത്താനും കൂ

ടുതൽ ഉപകരിക്കുന്നതെന്നാണ് എന്റെ ചോദ്യം.

ഇതൊക്കെ ഞാൻ പറഞ്ഞത് നമ്മുടെ രാജ്യത്തെ ഓർത്ത് നമ്മൾ അഭിമാനിക്കണ്ടായെന്നല്ല. നമ്മുടെ രാജ്യസ്നേഹം തീവ്രദേശീയതയായി മാറരുത് എന്നാണ്. മതതീവ്രവാദം പോലെ തന്നെ അപകടകരമാണ് തീവ്രദേശീയതയും. ബർണാഡ് ഷാ പറഞ്ഞ ഒരു കാര്യമുണ്ട്. നിങ്ങൾ ഒരു രാജ്യത്ത് ജനിച്ചു എന്നത് കൊണ്ട് മറ്റ് രാജ്യക്കാരെല്ലാം നിങ്ങളെക്കാൾ മോശക്കാരാണെന്ന് നിങ്ങൾ കൊണ്ട് നടക്കുന്ന വിവരക്കേടിന്റെ പേരാണ് ദേശീയതയെന്ന്. നമുക്ക് വേണ്ടത് വർഗീയതയിലൂന്നിയുള്ള ദേശീയതയല്ല. പൗരധർമ്മത്തിലൂന്നിയുള്ള ഒരു സിവിക് നാഷണലിസമാണ്.

ആരും ഒന്നും മിണ്ടുന്നില്ലായെന്ന് കണ്ടപ്പോൾ ഒന്ന് നിർത്തിയിട്ട് ചാക്കോച്ചൻ തുടർന്നു. ജനിച്ച നാട് ഉപേക്ഷിച്ചു ഈ നാട്ടിലേക്ക് നമ്മൾ കുടിയേറിയത്, നമ്മുടെ നാട് നമുക്ക് നൽകുന്നതിനേക്കാൾ പലതും ഈ രാജ്യം നമുക്ക് നൽകുന്നത് കൊണ്ടാണ്. അതുകൊണ്ട് കൂടിയാണ് നമ്മൾ ആരും ഒരിക്കലും തിരിച്ചു പോകാൻ ആഗ്രഹിക്കാത്തതും. ഒരിക്കൽ ബാലചന്ദ്രൻ ചുള്ളിക്കാട് അമേരിക്കയിൽ വന്നപ്പോൾ പറഞ്ഞ ഒരു തമാശയുണ്ട്. ഇനിയും കേരളത്തിൽ മലയാളികൾ അവശേഷിക്കുന്നത് വിദേശത്തേക്ക് വിസ കിട്ടാത്തത് കൊണ്ടാണെന്ന്.ഈ നാട്ടിൽ വന്ന് ഈ നാടിന്റെ പൗരത്വം നേടുമ്പോൾ നമ്മൾ കൈ ഉയർത്തി പിടിച്ചു ചൊല്ലുന്ന Oath of Allegiance പൗരത്വം കിട്ടി കഴിഞ്ഞാൽ മറക്കുന്നവരാണ് നമ്മളിൽ പലരും.. I here by declare, on oath, that I absolutely and entirely renounce and abjure all allegiance and fideltiy to any foreign state എന്ന് തുടങ്ങുന്ന പ്രതിജ്ഞയിൽ നമ്മൾ ഉച്ചത്തിൽ പറയുന്ന ഒരു കാര്യം, ഒരു യുദ്ധമുണ്ടായാൽ ഈ രാജ്യത്തിന് വേണ്ടി ആയുധം എടുക്കാനും നമ്മൾ തയാറാണെന്നാണ്. ജനിച്ച നാട് നമുക്ക് പെറ്റമ്മയാണെങ്കിൽ നാം ഇന്ന് ജീവിക്കുന്ന ഈ നാട് നമ്മുടെ പോറ്റമ്മയാണ്. കുറഞ്ഞ പക്ഷം നിന്ദിക്കുകയെങ്കിലും ചെയ്യരുത്. ലോകത്തിന്റെ തന്നെ ഒരു മിനിയേച്ചർ ആണ് ഈ രാജ്യം. ഏതെല്ലാം നാടുകളിൽ നിന്ന് കുടിയേറിയവർ ഇവിടുണ്ട്. എന്തെല്ലാം ഭാഷകൾ ഇവിടെ സംസാരിക്കപ്പെടുന്നു. അതുകൊണ്ടാണ് ഈ നാടിനെ melting pot എന്ന് വിശേഷിപ്പിക്കുന്നത്. വിവിധ നിറക്കാരും, വിവിധ ഭാഷകൾ സംസാരിക്കുന്നവരുമെല്ലാം ഉരുകി ഒരൊറ്റ ജനതയായി മാറുന്ന നാട്. അതുകൊണ്ട് തന്നെ നമ്മുടെ നാടിന്റെ നന്മകളെ നമ്മൾ ഹ്രദയത്തോടെ ചേർത്ത് പിടിക്കുമ്പോഴും ഈ നാടിന്റെ മുഖ്യധാരയിലേക്ക് ലയിച്ചു ചേരാനും നമുക്കാവണം. കാശുണ്ടാക്കാനും, അർമാദിക്കാനും ആസ്വദിക്കാനുമെല്ലാം ഈ നാട്, വീമ്പ് പറയാൻ മാത്രം നമ്മുടെ നാട് എന്നതായിരിക്കരുത് നമ്മുടെ നിലപാട്.

കാര്യമൊക്കെ ശരിയാണ് ചാക്കോച്ചാ. Melting Pot എന്നൊക്കെ ഒരു ഭംഗിക്ക് വേണേൽ പറയാം. പക്ഷെ ഇവിടുത്തെ കുടുംബ ജീവിതവും പെണ്ണുങ്ങളുടെ കാര്യവുമോക്കെ ഒന്ന് നോക്ക്. ഇന്നലെ ഒരുത്തന്റെ കൂടെയാണേൽ ഇന്ന് വേറൊരുത്തന്റെ കൂടെ. മൂന്ന് മക്കളുണ്ടെങ്കിൽ അത് മൂന്ന് കെട്ടിയവൻ മാരുടെ ആയിരിക്കും. അതെ സമയം നമുക്ക് മൂല്യവത്തായ ഒരു കുടുംബ വ്യവസ്ഥയൊക്കെ ഇല്ലേ? അതൊന്നും വിട്ട് melt ചെയാൻ ഈ ലൂക്കാച്ചനെ കിട്ടില്ല.

എടോ ലൂക്കാച്ചാ, നമ്മളീ കൊട്ടിഘോഷിക്കുന്ന ഇന്ത്യൻ കുടുംബ വ്യവസ്ഥയുടെ അടിസ്ഥാന കാരണം എന്താണ്? ചോദിക്കുമ്പോൾ ചാക്കോച്ചന്റെ സ്വരം ഇത്തിരി ഉയർന്നു. ചോദ്യത്തിന് ചാക്കോച്ചൻ തന്നെ ഉത്തരവും പറഞ്ഞു. നമ്മുടെ പെണ്ണുങ്ങളുടെ സഹനം. അല്ലാതെന്ത്? നിങ്ങളുടെ ഒക്കെ ഭാര്യമാർ ഒന്നുകിൽ നഴ്സോ അല്ലെങ്കിൽ സോഫ്റ്റ്‌വെയർ എഞ്ചിനിയേഴ്സൊ ഒക്കെ അല്ലെ? നിങ്ങളെ പോലെ തന്നെ സ്ട്രെസും സ്ട്രെയിനും ഒക്കെ ഉള്ള ജോലി ചെയ്യുന്നവർ. ഇതെല്ലം കഴിഞ്ഞു നിങ്ങൾ രണ്ടുപേരും വീട്ടിൽ എത്തിയാൽ, പിന്നെ വീട്ടിലെ പണികൾ എല്ലാം ആരാണ് ചെയ്യുന്നത്? കുക്കിങ്ങും ക്ളീനിംഗും കുട്ടികളുടെ കാര്യവുമൊക്കെ? ഒരു 80% വും അവർ തന്നെയല്ലേ? അവരുടെ ആ സഹനത്തിലും ത്യാഗത്തിലുമാണ് നമ്മുടെ കുടുംബം നിലനിൽക്കുന്നത്. അമേരിക്കൻ പെണ്ണുങ്ങളെ അതിനു കിട്ടില്ല. ആണായാലും പെണ്ണായാലും തുല്യതയിൽ വിശ്വസിക്കുന്നവരാണിവർ. ആരാദ്യം വീട്ടിൽ വരുന്നുവോ അവർ ജോലികഴിഞ്ഞ് dinner പാചകം ചെയ്യണം എന്നുള്ളതാണ് ഇവരുടെ രീതി. പെണ്ണായി ജനിച്ചത് കൊണ്ട് മാത്രം അടങ്ങി ഒതുങ്ങി കഴിയാനും എല്ലാ പണികളും ചെയ്യാനും അവരെ കിട്ടില്ല. അവരുടെ വ്യക്തിത്വത്തെ ബഹുമാനിക്കാത്ത ആണുങ്ങളോട് അവർ പോയി പണി ഉണ്ടേൽ നോക്കാൻ പറയും. അത്ര മാത്രം.

പക്ഷെ ചാക്കോച്ചാ, അയ്യായിരത്തിലേറെ വർഷങ്ങളുടെ പഴക്കമുള്ള ഒരു സംസ്‌കാരത്തിൽ നിന്നും പാരമ്പര്യത്തിൽ നിന്നുമാണ് നമ്മൾ വരുന്നത്. അതെല്ലാം ഉപേക്ഷിച്ച് ഈ നാടിന്റെ രീതികളുമായി പെട്ടെന്നങ്ങ് ലയിച്ചു ചേരുക എന്ന് പറഞ്ഞാൽ....?

താൻ നാളെ മുതൽ അമേരിക്കകാരനെ പോലെ ആകണമെന്നല്ല ഞാൻ പറഞ്ഞത്. ചാക്കോച്ചൻ തുടർന്നു. കുറഞ്ഞ പക്ഷം നമ്മുടെ സാംസ്‌കാരിക പശ്ചാത്തലത്തിന്റെ അളവുകോലുകൾ കൊണ്ട് ഈ നാടിനെ അളക്കുകയും ഈ നാട് മഹാമോശമെന്ന് മുദ്രകുത്തുകയും ചെയ്യുന്ന പണിയെങ്കിലും നിർത്തണം. പിന്നെ നിങ്ങൾ സംസ്കാരമെന്ന വാക്ക് പല തവണ ആവർത്തിച്ചില്ലേ? പറയൂ എന്താണ് ഒരു നാടിന്റെ സംസ്‌കാരം എന്നത് കൊണ്ട് നമ്മൾ മനസ്സിലാകുന്നത്. ഒരു ജനതയുടെ സംസ്‌കാരത്തെ നിർണയിക്കുന്നത്, ആ ജനത അവരുടെ നാടിനും ആ നാടിനുള്ള പുറത്തുള്ള ഇതര ജന വിഭാഗങ്ങൾക്കും എന്ത് സംഭാവനകൾ നൽകി എന്നതിനെ ആശ്രയിച്ചാണ്. ഇനി പറയൂ, ഇന്ത്യയെ കൊണ്ട് എന്ത് ഗുണമാണ് ലോകത്തിന് ഉണ്ടായിട്ടുള്ളത്? ദയവുചെയ്ത് ആവർത്തിക്കരുത്, വേദം, യോഗ, ആയുർവേദമെന്നൊക്കെ. മറിച്ച് സായിപ്പിനെ കൊണ്ട് നമുക്ക് എന്തെല്ലാം ഗുണമുണ്ടായി? രാവിലെ എഴുന്നേൽക്കുമ്പോൾ നമ്മൾ പല്ല് തേക്കുന്ന ബ്രഷും ടൂത്ത്പേസ്റ്റും അടക്കം, നമ്മൾ ഉപയോഗിക്കുന്ന കറണ്ടും ബൾബും, കാറും, ബസും ടെലിവിഷനും ഇന്റർനെറ്റും, രോഗം വന്നാൽ ആശ്രയിക്കുന്ന മരുന്നുമെല്ലാം ആരുടെ സംഭാവനയാണ്?

അത് കൊണ്ട് ലൂക്കാച്ചാ നീ സ്വയം സ്വീകരിച്ച അമേരിക്കൻ പൗരത്വത്തിൽ സങ്കടപ്പെടുകയൊന്നും വേണ്ട. ഈ അടുത്ത നാളിൽ ഞാൻ കേട്ട ഒരു പ്രഭാഷണത്തിൽ മലയാളത്തിലെ മികച്ച വാഗ്മിയും ചിന്തകനുമായ സുനിൽ ഇളയിടം നമ്മുടെ വിശ്വകവി ടാഗോറിനെ ഉദ്ധരിച്ച് കൊണ്ട് പറഞ്ഞ ഒരു കാര്യം കൂടി പറഞ്ഞു ഞാൻ അവസാനിപ്പിക്കാം. 'നമ്മൾ നിൽക്കുന്ന അതിർത്തികൾ കടന്ന് മനുഷ്യ വംശത്തോളം വലുതാകുകയാണ് വേണ്ടത്. അല്ലാതെ നമ്മുടെ വ്യാജമായ തറവാട്ടു മഹിമയിലേക്ക് ചുരുങ്ങുകയല്ല'.

ദാണ്ടെ! നിങ്ങൾ ഇവിടെ തറവാട്ട് മഹിമയും പറഞ്ഞിരുന്നാൽ ചിക്കൻ തണുത്ത് പോകും. ബോബന്റെ അറിയിപ്പ് വന്നതോടെ എല്ലാവരും ബാർബെക്യു ചിക്കൻ ലക്ഷ്യമാക്കി നീങ്ങി. തനിച്ചിരുന്ന ചാക്കോച്ചന്റെ കാതുകളിൽ ഭാര്യ റോസക്കുട്ടി വന്നു മന്ത്രിച്ചു. ഇങ്ങനെ ഓരോന്ന് പറഞ്ഞു ശത്രുക്കളുടെ എണ്ണം കൂട്ടിയിട്ട് എന്തുകാര്യം. പോയി വല്ലതും കഴിക്കാൻ നോക്ക്. വീട്ടിൽ പോണം എനിക്ക് ഉറക്കം വരുന്നു. പാത്രവുമായി ചാക്കോച്ചനും സാവധാനം വരിയിലേക്ക് നീങ്ങി.......!



# ആത്മാക്കളുടെയും പ്രേതങ്ങളുടെയും ലോകം:

## ഒരു മനഃശാസ്ത്രജ്ഞന്റെ വിശകലനം



റോബിൻ ആചാര്യ

മുത്തശ്ശിക്കഥകൾ കേൾക്കുവാൻ ഇഷ്ടമില്ലാത്തവരുണ്ടോ? നിറം പിടിപ്പിച്ച മുത്തശ്ശിക്കഥകൾ ഏതു സംസ്കാരത്തിന്റെയും ഭാഗമാണ് ഗുണപാഠക്കഥകൾ, ദൈവങ്ങളുടെയും, ചെകുത്താന്മാരുടെയും, നന്മയുടെയും, തിന്മയുടെയും, പക്ഷികളുടെയും, മൃഗങ്ങളുടെയും കഥകൾ. യുക്തിയുടെ വരിഞ്ഞു മുറുക്കലുകളും, കെട്ടുപാടുകളുമില്ലാതെ ഒരു പൂമ്പാറ്റയെപ്പോലെ ഭാവനയുടെ വർണ്ണാഭമായ ചിറകുകൾ വിടർത്തി സ്വതന്ത്രമായി പറക്കുന്ന കഥകൾ.

ഇങ്ങനെയുള്ള കഥകളിലൂടെ മനുഷ്യമനസ്സുകളിലേക്ക് ആഴത്തിൽ വേരൂന്നി പടർന്നു കയറിയ ഒന്നാണ് പ്രേതങ്ങൾ എന്ന സങ്കൽപ്പം. ഈ ജീവിതത്തിലെ നിസ്സാരമായ ജീവിതങ്ങൾക്കപ്പുറം വർണ്ണപ്പൊലിമയുള്ള മറ്റൊരു സുന്ദരജീവിതം. സ്വർഗ്ഗം എന്ന സങ്കൽപ്പത്തിന് സമാന്തരമായി രൂപപ്പെട്ട ഭാവന. കണ്ണുനീരിന്റെയും, അമാനുഷിക മാസ്മരശക്തി വിശേഷങ്ങളുടെയും, പ്രതികാരങ്ങളുടെയും മറ്റൊരു ലോകം. അതാണ് പ്രേതഭൂതാദികളുടെ ലോകം.

ലോകത്തിലെ പ്രാചീന സംസ്കാരങ്ങളിൽ എല്ലാം തന്നെ ഈ പ്രേതസങ്കൽപ്പങ്ങൾ ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ നിലനിന്നിട്ടുണ്ട്. യുക്തിചിന്തയും, ശാസ്ത്രബോധവും വളരെയധികം രൂഢമൂലമായിരിക്കുന്ന ചില പാശ്ചാത്യരാജ്യങ്ങളിൽ പോലും ഈ പ്രേതസങ്കൽപ്പങ്ങളുടെ വകഭേദം കണ്ടു വരുന്നു. ഭയത്തിന്റെ കടുത്ത നിറച്ചാർത്തുകളോ ടെ പ്രചരിക്കുന്ന ഈ വായ്മൊഴിക്കഥകൾ ഓരോ വ്യക്തിയുടെയും ഭാവനയുടെ അംശങ്ങൾ കൂടിച്ചേർന്നാണ് അടുത്ത വ്യക്തിയിലേയ്ക്കെത്തുന്നത്.

പ്രേതകഥകൾ എന്തുകൊണ്ട് പ്രചരിക്കുന്നു? ഒരു മനഃശാസ്ത്രവിശകലനം.

* പ്രേതകഥകളിലെ യുക്തിയെ ചോദ്യം ചെയ്യുന്നവർ കുറവാണ് എന്നതു കൊണ്ട് തന്നെ, കഥ പറയുന്ന സമയത്ത് ചെറുതല്ലാത്ത ശ്രദ്ധ തന്നെ ലഭിക്കുന്നു.

* തന്റെ വിവരണങ്ങളും വാക്കുകളും മറ്റു വ്യക്തികളിൽ ഭയം, ഉത്കണ്ഠ, ആകുലത, ആരാധന തുടങ്ങിയ വികാരങ്ങൾ സൃഷ്ടിക്കുന്നതിൽ കഥ പറയുന്ന വ്യക്തിക്ക് കിട്ടുന്ന നിർവൃതി അവരെ കഥകൾ പറയുവാൻ പ്രേരിപ്പിക്കുന്നു.

* ഇഹലോകത്തിലെ ജീവിതത്തിനപ്പുറം ഒരു ലോകമുണ്ടെന്നും ഈ ജീവിതത്തിലെ മനുഷ്യന്റെ പരിമിതികളെ മറികടക്കുവാനും ചില വഴികളുണ്ടെന്നുള്ള ചിന്ത മനുഷ്യനെ പ്രേതങ്ങളിൽ വിശ്വസിക്കുവാൻ പ്രേരിപ്പിക്കുന്നു.

### പ്രേതബാധയുടെ ശാസ്ത്രീയമായ വിശദീകരണങ്ങൾ

എന്താണ് പ്രേതബാധ? ഒരു വ്യക്തി സാധാരണയായി സംസാരിക്കുന്ന രീതിയിൽ നിന്ന് മാറി സംസാരിക്കുകയും, അവന്റെ ഭാഷാശൈലിയും, ഭാവങ്ങളും, വികാരപ്രകടനങ്ങളും മറ്റൊരു വ്യക്തിയുടേതു പോലെയോ തികച്ചും അസാധാരണമാവുകയോ ചെയ്യുമ്പോൾ ആ വ്യക്തിക്ക് എന്തിന്റെയോ ""ബാധ' ആണെന്ന് പെട്ടെന്ന് ജനം കരുതിപ്പോകാറുണ്ട്. എന്നാൽ ഇപ്രകാരമുള്ള ഭാവമാറ്റങ്ങൾക്ക് പലപ്പോഴും ശാരീരിക ശാസ്ത്രപരമോ ആയ കാരണങ്ങൾ ഉണ്ടാകും.

### ഹൈപ്പോക്സിയ (Hypoxia)

ശരീരകോശങ്ങളിൽ ആവശ്യത്തിന് ഓക്സിജൻ എത്താതെ വരുമ്പോഴുള്ള അവസ്ഥയ്ക്കാണ് ഹൈപ്പോക്സിയ എന്ന് പറയുന്നത്. ഇപ്രകാരമുള്ള അവസ്ഥയിൽ ഒരു വ്യക്തിയിൽ പല ഭാവമാറ്റങ്ങളും ദൃശ്യമാകാറുണ്ട്. മിഥ്യാദർശനം (Hallucinations visual) പരസ്പരവിരുദ്ധമായ രീതിയിലുള്ള സംസാരം, ബോധക്ഷയം തുടങ്ങി പല മാറ്റങ്ങളും കാണുവാൻ സാധിക്കും. ഇത് പലപ്പോഴും ബാധയുടെ ഉപദ്രവമാണ് എന്ന് ചിലർ കരുതാറുണ്ട്. മറ്റു ചിലപ്പോൾ ദൈവാനുഭവമായും. ജനങ്ങൾ കൂടി നിൽക്കുന്ന സ്ഥലങ്ങൾ, വായുസഞ്ചാരമില്ലാത്ത മുറികൾ, ബോധപൂർവ്വമുള്ള ശ്വാസനിയന്ത്രണം മറ്റു ശാരീരിക കാരണങ്ങൾ തുടങ്ങിയ കാരണങ്ങൾ മൂലം ഹൈപ്പോക്സിയ ഉണ്ടാകാറുണ്ട്.

### Hypoglyxemia (ഹൈപ്പോഗ്ലൈസീമിയ)

ശരീരത്തിൽ ഗ്ലൂക്കോസിന്റെ അളവ് വല്ലാതെ താഴ്ന്ന് പോകുമ്പോൾ ചിലർ

ക്ക് മനോവിഭ്രാന്തിയുള്ളത് പോലുള്ള ലക്ഷണങ്ങൾ പ്രകടമാകുന്ന മിഥ്യാദർശനങ്ങൾ, മിഥ്യാഭ്രമങ്ങൾ, പരസ്പരവിരുദ്ധമായ സംസാരം തുടങ്ങിയവയൊക്കെ ഈ അവസ്ഥയിൽ പ്രകടമാകാറുണ്ട്. പ്രമേഹരോഗികളിൽ ഈ അവസ്ഥ കൂടുതലായി കാണും. ഇതും ബാധയായി കരുതപ്പെടാറുണ്ട്.

**മിഥ്യാബോധവും (Delusion) മിഥ്യാദർശനവും (Hallucination)**

മിഥ്യാബോധങ്ങൾ, അല്ലെങ്കിൽ മിഥ്യാഭ്രമങ്ങൾ പല തരത്തിലുണ്ട്. തങ്ങൾക്ക് അമാനുഷികമായ കഴിവുകളോ, ശക്തിവിശേഷങ്ങളോ ഉണ്ടെന്ന വിശ്വാസം. അല്ലെങ്കിൽ മറ്റൊരാളുടെ ആത്മാവ് തന്റെ ശരീരത്തിൽ കുടികൊള്ളുന്നു എന്ന വിശ്വാസം. അതുമല്ലെങ്കിൽ ഒരു കഥാപാത്രമാണ് താൻ എന്ന് കരുതി ആ ഇഷ്ടകഥാപാത്രത്തിന്റെ ഭാഷാശൈലികളും ജീവിതചര്യകളും അനുവർത്തിക്കുക ഇങ്ങനെ അനേകം വിധത്തിലുള്ള ഭ്രമങ്ങൾ മനോരോഗാവസ്ഥയിൽ കാണാറുണ്ട്. ഇപ്രകാരമുള്ള അവസ്ഥയിലുള്ള ചിലരെയെങ്കിലും പ്രേതബാധിതരായി ജനം കാണാറുണ്ട്. മറ്റു ചിലരെ ദിവ്യരായും.

പ്രധാനമായും മനോരോഗങ്ങൾ മൂലമാണ് ഈ തരത്തിലുള്ള മതിഭ്രമങ്ങൾ ഉണ്ടാകാറുള്ളതെങ്കിലും ചില ശാരീരിക രോഗങ്ങളെ അനന്തരഫലമായും ഇവ കണ്ടു വരാറുണ്ട്.

**ഡീ പേർസണലൈസേഷൻ ഡിസോർഡർ (De Personalization Disorder)**

സ്വന്തം ശരീരത്തിൽ നിന്ന് പുറത്തുകടന്ന്, തന്റെ ശരീരത്തെ പുറത്ത് നിന്ന് നോക്കി കാണുന്നതായും, തന്റെ മനസ്സിന്റെ ചിന്തകളെ പുറത്ത് നിന്ന് കണ്ട് നിയന്ത്രിക്കുന്നതുമൊക്കെയായുള്ള മിഥ്യാഭ്രമം അനുഭവപ്പെടുന്ന ഒരു മനോരോഗമാണ് ഡി. പേർസണലൈസേഷൻ ഡിസോർഡർ. സ്വന്തം അസ്ഥിത്വത്തെ പൂർണ്ണമായി തള്ളിക്കളഞ്ഞ് താൻ മറ്റൊരു വ്യക്തിയായി രൂപാന്തരപ്പെട്ടു എന്ന് കരുതുന്ന അവസ്ഥയും ഈ രോഗികളിൽ കാണാറുണ്ട്. മരിച്ചുപോയ ഒരു വ്യക്തിയുടെ ബാധ കൂടിയതാണ് എന്ന് പലരും വിധി എഴുതുകയും ചെയ്യും.

**ഡിസ്സോസിയേറ്റീവ് ഐഡന്റിറ്റി ഡിസോർഡർ (Dissociative Identity Disorder)**

തന്റെ സ്വന്തം വ്യക്തിത്വത്തിൽ നിന്നും പൂർണ്ണമായി മാറി മറ്റൊരു വ്യക്തിതത്വം കൈക്കൊള്ളുന്ന ഈ അവസ്ഥയിൽ, തന്റെ സ്വന്തം വ്യക്തിത്വം ഉൾപ്പെടെ രണ്ടോ അതിലധികമോ വ്യക്തിത്വങ്ങളെ മാറി മാറി കൈക്കൊള്ളുന്നതും ഈ രോഗാവസ്ഥയിലാണ്. മൾട്ടിപ്പിൾ പേഴ്സനാലിറ്റി ഡിസോർഡർ എന്ന് ചലച്ചിത്രങ്ങൾ പറയുന്ന അവസ്ഥയാണിത്. പല ആത്മാക്കൾ/പിശാചുക്കൾ/ബാധകൾ ഒന്നിച്ചു കയറിയതാണ് എന്നു വിശ്വാസചികിത്സകരും ഇതിനെ വിധി എഴുതും.



**ഡെയ്ശാവ് (Dejavu)**

ആദ്യമായി ഒരു സ്ഥലത്ത് എത്തുന്ന വ്യക്തിക്ക് ആ സ്ഥലം ചിരപരിചിതമായി തോന്നുക. ഇതിനു മുൻപ് ആ സ്ഥലത്ത് ജീവിച്ചിട്ടുണ്ടെന്നും, അവിടുന്നും ഓരോ സ്ഥലങ്ങളും വ്യക്തികളും പരിചയമുള്ളവരായി തോന്നുക. 2004 ൽ നടത്തിയ ഒരു സർവ്വേപ്രകാരം ലോകജനസംഖ്യയിൽ മൂന്നിൽ രണ്ട് ശതമാനം ആളുകൾക്കും ഇത്തരത്തിലുള്ള അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. മുജ്ജന്മസ്മരണ, അതീന്ദ്രിയജ്ഞാനം, തുടങ്ങി അമാനുഷികമായ ചില പ്രതിഭാസങ്ങളാണ് ഇതിനെ വിശദീകരിക്കുവാൻ ആളുകൾ ഉപയോഗിക്കുന്നത്.

വാസ്തവത്തിൽ മനുഷ്യമസ്തിഷ്കത്തിൽ സംഭവിക്കുന്ന ഒരു വിശകലനപിഴവാണിത് (Processing Error). നമ്മൾ ആദ്യമായി കാണുന്ന ഒരു സ്ഥലം ""കാണുന്നു" എന്ന വിശകലനത്തിനു പകരം ഓർമ്മയിൽ ഉള്ളത്, കണ്ടത് എന്ന തെറ്റായ മസ്തിഷ്ക വിശകലനം (Anomaly of Memory).

**പ്രേതബാധയുള്ള ഭവനങ്ങൾ ശാസ്ത്രീയമായ വിശദീകരണങ്ങൾ**

പ്രേതബാധയുള്ള ഭവനങ്ങൾ (Haunted House), അസാധാരണ സ്ഥിതി വിശേഷങ്ങൾ നിലനിൽക്കുന്നു, മുറികൾ ഇവയൊക്കെ പൊതുസംസ്കാരത്തിന്റെ വായ്മൊഴികഥകളിൽ സജീവമാണ്, ദുർമരണപ്പെട്ട വ്യക്തികളുടെ ആത്മാക്കൾ വിട്ടൊഴിയാത്ത ഈ ഭവനങ്ങളിൽ മനുഷ്യവാസം പലപ്പോഴും ദുഷ്കരമാണ്. എന്താണ് യഥാർത്ഥത്തിൽ ഇവിടെ സംഭവിക്കുന്നതെന്ന് നോക്കാം.

**മുറിക്കുള്ളിൽ അനുഭവപ്പെടുന്ന അസാധാരണമായ തണുപ്പ്**

പല സ്ഥലങ്ങളിലും ഇത്തരത്തിലുള്ള അസാധാരണമായ ഒരു തണുപ്പ് അനുഭവപ്പെടുന്നതായി ആളുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വാതിലുകളും ജനലുകളും അടച്ചിട്ടിരിക്കുകയാണെങ്കിൽ കൂടി എവിടെ നിന്നോ ഒരു തരം തണുപ്പ് അരിച്ചുകയറുന്നതാണ് ഈ മുറികളിൽ കണ്ടു വരുന്ന അത്ഭുതം. എന്താണ് ഇങ്ങനെ സംഭവിക്കാൻ കാരണം?

ഒന്ന്: പ്രകാശം കുറവുള്ള ഈ ഭവ

നങ്ങളിൽ എവിടെ എങ്കിലുമുള്ള ചെറിയ വിടവിലൂടെ തണുത്ത കാറ്റ് അരിച്ചു കയറുന്നതാവാം.

രണ്ട്: എല്ലാ വസ്തുക്കൾക്കും ഒരേ താപനില അല്ലാത്തതു കൊണ്ട് തന്നെ, മുറിക്കുള്ളിലെ താപനിലയിലുള്ള വ്യതിയാനമനുസരിച്ച് ചില വസ്തുക്കൾ ചൂട് പുറത്തേക്ക് തള്ളുന്നു (Convection). ചൂട് പുറത്തേക്ക് പോകുന്നതോടു കൂടി തണുത്ത കാറ്റ് താഴേക്ക് അരിച്ചു കയറും. അതുപോലെ തന്നെ ഈർപ്പമില്ലാത്ത വരണ്ട കാറ്റ് മുറിക്കുള്ളിലേക്ക് പ്രവേശിക്കുമ്പോൾ ഈർപ്പമുള്ളകാറ്റ് മുറിയിൽ നിന്ന് പുറത്തേക്ക് പ്രവഹിക്കുകയോ ആ കാറ്റ് നമ്മുടെ ശരീരത്തിൽ തട്ടുമ്പോൾ നമുക്ക് കുളിര് അനുഭവപ്പെടുകയും ചെയ്യും. "പ്രേതബാധ' എന്ന ഭയവും, ഈ കുളിരും ഒന്നിച്ചു ചേരുമ്പോൾ കാര്യം വഷളാകുന്നു.

**മനുഷ്യന് കേൾക്കുവാൻ സാധിക്കാത്ത ശബ്ദങ്ങൾ:**

20 Hz മുതൽ 20 KHz വരെയുള്ള ശബ്ദങ്ങൾ മാത്രമേ മനുഷ്യന് കേൾക്കുവാൻ സാധിക്കൂ. അതുകൊണ്ടാണ് ചില സമയങ്ങലിൽ ഒരു കാരണവുമില്ലാതെ വളർത്തുമൃഗങ്ങൾ ഭയപ്പെട്ടിട്ട് ശബ്ദമുണ്ടാക്കുന്നത്.

കാലാവസ്ഥാ വ്യതിയാനങ്ങൾ, നമ്മുടെ ഭവനങ്ങളിലെ ഇലക്ട്രിക് ഉപകരണങ്ങൾ തുടങ്ങിയവയൊക്കെ ഇത്തരത്തിലുള്ള മനുഷ്യന് കേൾക്കുവാൻ സാധിക്കാത്ത ശബ്ദങ്ങൾ ഉണ്ടാക്കാറുണ്ട്. ഈ ശബ്ദതരംഗങ്ങൾ ഘനം കുറഞ്ഞ തകിടുകളിൽ പ്രകമ്പനം സൃഷ്ടിക്കുകയും അവ വിറയ്ക്കുന്നത് മനുഷ്യനിൽ ഭയം ജനിപ്പിക്കുകയും ചെയ്യുന്നു. മറ്റു ചില ശബ്ദതരംഗങ്ങൾ നമ്മുടെ ഉദരത്തിൽ ഒരു പ്രത്യേക തരം തരംഗം സൃഷ്ടിക്കുകയും ചില അനുഭൂതികൾ പ്രദാനം ചെയ്യുകയും ചെയ്യാറുണ്ട്.

**ഫോട്ടോയിൽ മാത്രം പതിയുന്ന രൂപങ്ങൾ**

നമ്മുടെ നഗ്നനേത്രം കൊണ്ട് കാണുവാൻ സാധിക്കാത്തതും ഫോട്ടോയിൽ മാത്രം പതിയുന്നതുമായ ചില വികൃതരൂപങ്ങൾ പ്രേത സാന്നിധ്യങ്ങളായി കണക്കാക്കി വരുന്നു. യഥാർത്ഥത്തിൽ ഇവ ക്യാമറയുടെ ലെൻസിൽ, പതിഞ്ഞ വളരെ ചെറിയ അഴുക്ക്, പൊടി, ക്യാമറയുടെ വളരെ അടുത്തു കൂടി പറന്നു പോകുന്ന ചെറിയ പ്രാണികൾ ഒക്കെയാവാം. ഫോട്ടോ എടുക്കുമ്പോൾ നമ്മൾ ശ്രദ്ധിക്കാതെ പോകുന്ന ഈ ജീവികൾ ഫോട്ടോ ആയിക്കഴിയുമ്പോൾ ഭീകരജീവകളായി തോന്നാം.

**ബോധം കെടുത്തുന്ന ബംഗ്ലാവുകൾ**

അടഞ്ഞു കിടക്കുന്ന ചില പ്രേതബാധിത ഭവനങ്ങളിൽ ആരു കിടന്നാലും, ബോധക്ഷയം മുതൽ മരണം വരെ സംഭവിക്കാറുണ്ട്. മുറിയിൽ പ്രവേശിച്ച് അധികം കഴിയുന്നതിനു മുമ്പു തന്നെ തല ചുറ്റൽ - മിഥ്യാദർശനങ്ങൾ, ക്രമേണ ബോധക്ഷയം മുതൽ മരണം വരെ സംഭവിക്കാറുണ്ട്. കേടായ വാട്ടർ ഹീറ്റർ, ഇലക്ട്രിക് ചിമ്മിനി, നെരിപ്പോട്, മറ്റു ശീതീകരണ ഉപകരണങ്ങൾ കാലപ്പഴക്കം കൊണ്ടോ കേടുപാടുകൾ മൂലമോ വാതകച്ചോർച്ച സംഭവിക്കുകയും, കാർബൺ മോണോക്സൈഡ് എന്ന വിഷവാതകം പുറത്തേക്ക് തള്ളുകയും ചെയ്യുന്നു. ഇത് അത്ര പെട്ടെന്ന് ശ്രദ്ധയിൽ പെട്ടെന്ന് വരില്ല. ഈ ഭവനങ്ങളിൽ ദുർമരണങ്ങൾ തുടർക്കഥയാവുന്നു.

**Electromagnetic Fields (വൈദ്യുത കാന്തിക തരംഗങ്ങളുടെ പ്രഭാവവും പ്രേതസാന്നിധ്യവും)**

കനേഡിയ ശാസ്ത്രജ്ഞൻ ഡോ. മൈക്കിൾ പേർസിൻജർ നടത്തിയ പരീക്ഷണങ്ങളിൽ ചില വിചിത്രമായ കാര്യങ്ങളാണ് തെളിഞ്ഞത്. വൈദ്യുത കാന്തിക തരംഗങ്ങളുടെ മസ്തിഷ്കത്തിലുള്ള പ്രഭാവം മൂലം അദൃശ്യശക്തികളുടെ സാന്നിധ്യം മനുഷ്യന് അനുഭവവേദ്യമാകാറുണ്ട് എന്ന് അദ്ദേഹം തെളിയിച്ചു. ഓരോ വ്യക്തിയുടെയും ഭാവനയും ഭയവും അനുസരിച്ച് അടുത്ത് ഉണ്ട് എന്ന് തോന്നുന്ന വ്യക്തിയുടെ രൂപവും ഭാവവും മാറും. ചില ഇലക്ട്രിക്/ഇലക്ട്രോണിക് ഉപകരണങ്ങൾ ഇപ്രകാരമുള്ള വൈദ്യുതി കാന്തികതരംഗങ്ങൾ പുറപ്പെടുവിക്കാറുണ്ട്.

**രാസവസ്തുക്കളുടെയും, വിഷവാതകങ്ങളുടെയും, പൂപ്പലുകളുടെയും മായാജാലം.**

അടഞ്ഞുകിടക്കുന്ന ഈർപ്പമുള്ള കെട്ടിടങ്ങളിൽ സ്വാഭാവികമായി പടർന്നു പിടിക്കുന്ന ചിലയിനം പൂപ്പലുകൾ ശ്വസിച്ചാൽ, അവയിലെ വിഷാംശത്തിന്റെ സാന്ദ്രത രക്തത്തിൽ കൂടുന്ന തോതിൽ മിഥ്യാഭ്രമങ്ങൾ, ബോധക്ഷയവും ഉണ്ടാകും. ഇത്തരം കെട്ടിടങ്ങളിൽ വിഷവാതകങ്ങൾ പടർന്നുപിടിക്കാനും സാദ്ധ്യത വളരെ കൂടുതലാണ്. കാർബൺ മോണോക്സൈഡ്, ഫോർമാൽഡിഹൈഡ് തുടങ്ങിയ വാതകങ്ങളുടെ സാന്ദ്രത ഇവിടെ കൂടുതലായിരിക്കും.

**പ്രേതങ്ങളെ വിളിച്ചു വരുത്തുന്നു ഓജോ ബോർഡുകൾ**

മരിച്ചു പോയവരുടെ ആത്മാക്കളെ വിളിച്ചു വരുത്തുന്ന ഓജോ ബോർഡുകൾ മരിച്ചു പോയവരുടെ ആത്മാക്കളെ വിളിച്ചു വരുത്തി ഭാവിയും, ഭൂതകാലവും പറയിക്കുന്ന രീതികൾ ലോകത്ത് പല സംസ്കാരങ്ങളിലും നിലനിൽക്കുന്നു. അതിൽ ഏറ്റവും കൂടുതൽ പ്രചാരം നേടിയ വിദ്യയാണ് ഓജോ ബോർഡുകൾ.

നിരത്തി വച്ചിരിക്കുന്ന ഒരു ചതുരപ്പലകയിൽ ഒരു നാണയം വച്ച് പലകയിലെ അക്ഷരമാലകളിലൂടെ സ്വയം നാണയങ്ങൾ നീക്കപ്പെടുന്ന അത്ഭുത വിദ്യയാണിവ. പ്രേതങ്ങൾ മുറിയിൽ (വിളിച്ചു വരുത്തുന്ന ആത്മാക്കൾ) എത്തിയാൽ പിന്നെ നാണയം നമ്മുടെ വിരലുകളെ ചലിപ്പിച്ച് അക്ഷരമാലകളിലൂടെ വാക്കുകൾ പകർത്താം. നമ്മൾ ചോദിക്കുന്ന ചോദ്യങ്ങൾക്ക് നാണയങ്ങൾ സ്വയം നീങ്ങി അക്ഷരമാലകളിലൂടെ വാക്കുകളും, തദ്വാരാ ചോദ്യത്തിനുള്ള ഉത്തരവും പറയും.

പ്രേതങ്ങളാണ് നാണയം നീക്കുന്നതെന്നു തോന്നുമെങ്കിലും വാസ്തവത്തിൽ നമ്മുടെ തന്നെ ഭാവനയും, ആഗ്രഹവും, ഭയവും മനോനിർദ്ദേശങ്ങളും അനുസരിച്ച് നമ്മുടെ മസ്തിഷ്കം നൽകുന്ന ആജ്ഞപ്രകാരം നമ്മുടെ തന്നെ വിരലുകളാണ് നാണയത്തെ നീക്കുന്നത്. ഇഡിയോമീറ്റർ ഇഫക്ട് (*Ideometer Effect*) എന്നാണ് ഇതിന് പറയുന്നത്. പ്രശസ്ത ഭൗതികശാസ്ത്രജ്ഞൻ മൈക്കിൾ ഫാരഡേ തന്നെ ഇത് തെളിയിച്ചിട്ടുണ്ട്.

**പ്രേതങ്ങൾ മരണമില്ലാതെ തുടരും**

മനുഷ്യമനസ്സിൽ ദൈവസങ്കല്പത്തോടൊപ്പം കുടിയേറിയ ഒന്നാണ് ഭൂത/പ്രേത/ആത്മാവ്/പിശാച് എന്നീ അഭൗമ സങ്കൽപ്പങ്ങൾ. ഈ നിസ്സാരമായ ജീവിതത്തിനപ്പുറമുള്ള വർണ്ണശബളമായ ജീവിതത്തിനപ്പുറമുള്ള പ്രതീക്ഷകൾക്ക് ഭാവനയുടെ ചിറകുകൾ നൽകുന്നവയാണ് യക്ഷിയും, ജിന്നും, സാത്താനുമെല്ലാം. അവയുടെ അസ്തിത്വത്തെ തള്ളിപ്പറഞ്ഞ് ഒരു വിരസമായ അല്പമാത്രമായ ജീവിതത്തെ വിഭാവന ചെയ്യുവാൻ മനുഷ്യന് താല്പര്യമില്ല. ശാസ്ത്രബോധവും, ശാസ്ത്രബോധത്തിൽ ഊന്നിയുള്ള ചിന്താഗതികളും (*Scientific Temper*) അങ്ങേയറ്റം ശുഷ്കമായ നമ്മുടെ സമൂഹത്തിൽ പ്രേത, ഭൂതാദി സങ്കൽപ്പങ്ങൾ നിർബാധം തുടരും. പ്രത്യേകിച്ച് എനിക്ക് കുറച്ച് അന്ധവിശ്വാസങ്ങൾ ഒക്കെയുണ്ടെന്നും, ഇവയൊന്നും ഇല്ലെങ്കിൽ എന്തു ജീവിതമെന്നും അഭിമാനത്തോടെ തുറന്നു പറയുന്ന കേരളസമൂഹത്തിൽ.


Clients First
REALTORS
BUYING
OR
SELLING
CALL FOR
A FREE HOME
EVALUATION
WHEN IT COMES TO
BUYING OR SELLING HOME IT IS IMPORTANT
TO TRUST IN A REAL ESTATE AGENT
WHO CARES ABOUT YOUR NEIGHBORHOOD
AS MUCH AS YOU DO. WHEN YOU ARE READY
TO BUY OR SELL CALL ME.
AJAI J ALEX PROFESSIONAL REALTOR®
44205 Ford Rd CANTON,MI 48187
www.ajaialex.com ajaialex@hotmail.com
CELL: (248) 767-9451
OFFICE:(734) 981-2900

കവിത




തോമസ് കൂഴിക്കാല

# ഇൻഡ്യൻ അമേരിക്കൻ

എൻ ജനനം ഭാരതമണ്ണായ കേരളത്തിൽ
ഇന്നും ഞാനും അമേരിക്കൻ പൗരനാണ്
ഇന്നെന്റെ ഉച്ഛ്വസിത വായു ഇന്നാട്ടിലെ
ക്രയ വിക്രയ താളുകൾ ഡോളറാണ്.
ഇപ്പോളെൻ രുധിരത്തിലെ ജലാംശമോ?
ചൊന്നിടാമതും ഇന്നാട്ടിലേത്.
അശനപാനങ്ങളധികവും ഇവിടുത്തെ
ഇന്നെന്റെ പ്രഥമ ജയ് വിളി യുണൈറ്റഡ്
സ്റ്റേറ്റ് ഓഫ് അമേരിക്കയെന്നതുത്തമം
ഇകഴ്ത്തുകയെങ്കിലെന്തിനിവിടെ
ഇൻഡ്യയിൽ വസിച്ചിടല്ലോ?
ജയ് യൂണൈറ്റഡ് സ്റ്റേറ്റ് ഓഫ് അമേരിക്ക
അധിവസിക്കിലീവിളി സാത്വികം
ഭാരതമെങ്കിൽ ഭാരതമാതാകീ ജയ്
അഹന്തയിതു മറിച്ചാവിൽ
പതിഗൃഹത്തിലധികാര ലഭ്യയാം
പത്നി, ജന്മഗേഹത്തെ വാഴ്ത്തി
ഭർത്തൃ ഭവനത്തെ താഴ്ത്തിയും
പറകിൽ ശാന്തി ഹനിക്കപ്പെടും
അമേരിക്കൻ പൗരത്വലബ്ധർ
ഉയർത്തേണ്ടതീ രാജ്യത്തിൻ ധ്വജം




spillane&reynolds
orthodontics
CREATING AMAZING SMILES
Share your Amazing Smile with the World.
#AmazingSmile @SpillaneReynoldsOrtho
Dr. Lawrence Spillane DDS, MS
Dr. James Reynolds DDS, MS, ABO
Dr. Andrea Dopp DDS, MSD
NOVI:
45500 Ten Mile Rd.
Novi, MI 48374
248.344.8400
ROCHESTER:
1202 Walton Blvd / Suite 200
Rochester Hills, MI 48307
248.651.8860
{Complimentary Consultations}
www.MyAmazingSmile.com



# വാക്സിൻ വിരുദ്ധർ അറിയേണ്ട ലോക ചരിത്രം

ഡോ. ശിരോമണി

'യെഴ്സീനിയ പെസ്റ്റിസ്' പേര് കേട്ട് ഏതേലും ഹോളിവുഡ് നടിയാന്ന് തെറ്റിദ്ധരിക്കരുത്. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കം വരെ ലോകജനസംഖ്യ നിയന്ത്രിച്ചു നിർത്തുന്നതിൽ നിർണായക പങ്കു വഹിച്ച ടോപ് ഫൈവ് കക്ഷികളിൽ ഒരാളാണ്. പ്ലേഗ് എന്ന മാരകരോഗത്തിന് കാരണമായ ബാക്ടീരിയയാണ് കക്ഷി.

ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട മൂന്ന് പ്ലേഗ് മഹാമാരികളുണ്ട്. ആദ്യത്തേത് എ.ഡി. 541-542 ൽ റോമാ സാമ്രാജ്യത്തിലുണ്ടായ 'പ്ലേഗ് ഓഫ് ജസ്റ്റീനിയൻ" ആണ്. ഏകദേശം 20 മില്യൺ ജനങ്ങളാണ് ഒറ്റ വർഷം കൊണ്ട് കാലപുരിക്ക് പോയത് (1 മില്യൺ = 10 ലക്ഷം) അന്നത്തെ ലോക ജനസംഖ്യയുടെ ഏകദേശം 13%.

രണ്ടാമത്തേതാണ് ഏറ്റവും ഭീകരവും കുപ്രസിദ്ധവുമായ 'ബ്ലാക്ക് ഡെത്ത്'. എ.ഡി. 1343 ൽ ചൈനയിൽ തുടങ്ങി സിൽക് റൂട്ടിലൂടെ യൂറോപ്പിലെത്തി 1353 ൽ വടക്കൻ റഷ്യയിൽ അവസാനിച്ച ഈ മഹാമാരിയിൽ ഒരു പതിറ്റാണ്ട് കൊണ്ട് മണ്ണൂരുള്ളിക്കച്ചോടത്തിന് പോയത് ഏകദേശം 100 മുതൽ 200 മില്യൺ ജനങ്ങളാണ്.

ലോകജനസംഖ്യ 450 മില്യണതിൽ 300 മില്യണിലെത്തി. ജനസംഖ്യ പിന്നീട് പഴയപടിയെത്താൻ പതിനേഴാം നൂറ്റാണ്ടിന്റെ ആദ്യം വരെ കാത്തിരിക്കേണ്ടി വന്നു. വേറൊരു ദുരന്തം എന്തായിരുന്നു എന്ന് അന്വേഷിച്ചാൽ ഈ രോഗം പടരാൻ കാരണം ജൂതൻമാർ ആണെന്നു പറഞ്ഞ് അവരെ യൂറോപ്പിന്റെ പല ഭാഗങ്ങളിലും കൂട്ടക്കുരുതി ചെയ്തു. അവസാനം അവർക്ക് അഭയം കൊടുത്തത് പോളണ്ടാണ്.

മൂന്നാമത്തേതും അവസാനത്തേതുമാണ് 1855 ൽ ചൈനയിൽ പൊട്ടിപ്പുറപ്പെട്ട 'Third Plague Pandemic' ഇത് ഏകദേശം ഇരുപതാം നൂറ്റാണ്ടിന്റെ പകുതി വരെ തുടർന്നു. ചൈനയിലും ഇന്ത്യയിലും മാത്രം ഏകദേശം 20 മില്യൺ ജനങ്ങളെ കൊന്നൊടുക്കി. ഈ കാലത്താണ് ഇതിന് കാരണമായ ബാക്ടീരിയയെ ഹോങ്കോങ്ങിൽ നിന്ന് ഫ്രഞ്ച് ബാക്ടീരിയോളജിസ്റ്റായ Alexandre Yersin കണ്ടെത്തിയത്. അതോടെ ഇതിന് ഫലപ്രദമായ ആന്റിബയോട്ടിക്കുകളും വാക്സിനും വികസിപ്പിക്കപ്പെട്ടു. പ്ലേഗ് പരത്തുന്നത് എലിച്ചെള്ളുകളാണെന്നും മനസ്സിലാക്കി.

ഈ രോഗം ഭൂമുഖത്തു നിന്ന് തുടച്ചു നീക്കപ്പെട്ടിട്ടൊന്നുമില്ല. ചില ആഫ്രിക്കൻ രാജ്യങ്ങളിലും മഡഗാസ്കറിലുമൊക്കെ ഇടക്കിടെ പ്രത്യക്ഷപ്പെട്ട് കുറച്ചു പേരെയൊക്കെ കൊല്ലുന്നുണ്ട്. ആന്റിബയോട്ടിക്കുകളുടെ സഹായത്തോടെ മരണസംഖ്യ വലിയൊരളവിൽ കുറക്കാൻ സാധിക്കുന്നതുകൊണ്ട് ഇതിനി മാനവരാശിക്ക് ഒരു ഭീഷണിയാകില്ല.

പിന്നോട്ട് നടക്കുന്ന വാക്സിൻ - മോഡേൺ മെഡിസിൻ വിരുദ്ധരും വടക്കുംചേരി - മോഹനൻ വൈദ്യർ ഫാൻസുമൊക്കെ ഇടയ്ക്ക് ചരിത്രം കൂടെ ഒന്നു വായിച്ചിട്ട് നടപ്പ് തുടരണം. നിങ്ങൾ എവിടെ നിന്നുകൊണ്ടാണ് ശാസ്ത്ര വിരുദ്ധത പ്രചരിപ്പിക്കുന്നതെന്ന് മനസ്സിലാക്കണം. പ്രകൃതിജീവിതവും ആയുർവേദവും ജൈവപച്ചക്കറികളും മാത്രമുണ്ടായിരുന്ന കാലത്താണ് ഈ ദുരന്തങ്ങളെല്ലാം അരങ്ങേറിയതെന്ന് മനസ്സിലാക്കണം.

ശാസ്തബോധം ഉണ്ടാകാൻ ആദ്യം വേണ്ടത് ചരിത്രബോധമാണ്.




Ram Creations
Jewelry & Gifts
(248) 851-1400 | www.ramcreations.com | info@ramcreations.com
28974 Orchard Lake Rd, Farmington Hills, MI 48334






# പ്രണയി

ബെൽസി തോമസ്

പ്രണയിക്കൊപ്പ-
മായിരിക്കുമ്പോഴാണു
ഒരാത്മാവ് ഏറ്റവും അഴകുള്ളതായിരിക്കുന്നത്.
അതിന്റെ ഭാരം ലഘൂകരിക്കപ്പെടുകയും
സാധ്യതകൾ അധികരിക്കപ്പെടുകയും
ചെയ്യുന്നതുമപ്പോൾ തന്നെ.

ഒരു മരത്തിനു
ആഴത്തിലോടുന്ന വേരുകളും
വിടർന്ന ഇലകളും
ധാരാളം ചില്ലകളും
അതിൽ നിറയെ കിളിപ്പാട്ടുകളും
ഉണ്ടായിരിക്കാം.

എങ്കിലും പൂക്കൾ വിരിയാൻ,
അതിൽ തേൻ നിറയാൻ,
പൂമ്പാറ്റകൾ വട്ടമിടാൻ
ഒരു വസന്തകാലം
ആഗമിക്കേണ്ടിയിരിക്കുന്നു

എന്നിലേക്കു നീയും
നിന്നിലേക്കു ഞാനും
എത്തിച്ചേരുന്ന
കാലം വരെ നാമെത്ര
തണൽമരങ്ങൾ താണ്ടിയിട്ടുണ്ടാവാം
എങ്കിലും പൂത്തിരുന്നില്ലല്ലൊ
അവയിലൊന്നും നാം

noviwoods.com • 248-624-2211

# Novi Woods Montessori

## Come see what a Montessori education can provide for your child!

- We are a diverse school with many Malayalee familes!
- We're located in Novi, close to Walled Lake and Commerce
- Our students go on to have very successful academic careers!









# ന്യൂറോ ലിങ്ക്വിസ്റ്റിക് പ്രോഗ്രാമിങ് (N.L.P.) യഥാർത്ഥ വസ്തുതകൾ



ഷിംജിത്ത് കുമാർ

**എന്താണീ ന്യൂറോ ലിങ്കിസ്റ്റിക് പ്രോഗ്രാമിങ്(NLP)?**

1970 കളിൽ തത്വചിന്തയിലും, സൈക്കോളജിയിലും ബിരുദവും, സൈക്കോളജിയിൽ ബിരുദാനന്തര ബിരുദവും ഉള്ള റിച്ചാർഡ് ബാൻഡ്‌ലേറും, ഭാഷാശാസ്ത്ര നിപുണനായ ജോൺ ഗ്രിൻഡറും ആവിഷ്കരിച്ച ഒരു മനഃശാസ്ത്രപദ്ധതിയാണ് NLP. ന്യൂറോ എന്നത് മസ്തിഷ്ക്കത്തിലെ നാഡീവ്യൂഹങ്ങളെയും, ലിങ്കിസ്റ്റിക് ആശയവിനിമയത്തെയും, പ്രോഗ്രാമിങ് മെച്ചപ്പെട്ട പെരുമാറ്റ രീതി കൈവരിക്കൽ എന്നതിനെയും സൂചിപ്പിക്കുന്നു. ഒരു കപട ശാസ്ത്രമായ NLP ക്ക് വ്യാപക പ്രചരണമാണ് ലഭിക്കുന്നത്. ജീവിത വിജയത്തിന് സഹായകമായ പരിശീലനപദ്ധതി എന്ന രീതിയിലാണിത് സ്വാധീനിക്കപ്പെടുന്നത്. NLP ക്ക് യാതൊരു ശാസ്ത്രീയ അടിത്തറയുമില്ല, പല പഠനങ്ങളും ഇത് അവകാശപ്പെടുന്ന കാര്യങ്ങൾ തെറ്റാണെന്നു തെളിയിച്ചിട്ടുമുണ്ട്. ബ്രിട്ടീഷ് സൈക്കോളജി സൊസൈറ്റി പ്രസിദ്ധീകരിച്ച ഒരു പട്ടികയിൽ ലോകത്ത് വ്യാപകമായ മനഃശാസ്ത്ര സംബന്ധിയായ 10 വിശ്വാസ കെട്ടുകഥകളിൽ ഒന്നാണ് NLP.

അനുകരണത്തിലൂടെ ജീവിതവിജയം നേടാനാവും എന്നാണ് NLP അവകാശപ്പെടുന്നത്. ഒന്നുകിൽ സ്വന്തം അനുഭവങ്ങളെ ഓർമ്മയിൽ വരുത്തി, അല്ലേൽ മികവ് പുലർത്തുന്ന വ്യക്തികളെ അനുകരിച്ച് മിടുക്കിലേക്ക് ഉയരാം എന്നാണിത് പറയുന്നത്. ഉദാഹരണത്തിന് പുകവലി മാറ്റണം എങ്കിൽ പുകവലിയുടെ തിന്മകളെക്കുറിച്ചു ചിന്തിക്കുക. എന്നിട്ട് പുകവലിയുടെ ഫലമായി രോഗബാധിതനായ ഒരു വ്യക്തിയുടെ ചിത്രം മനസ്സിൽ കൊണ്ട് വരിക. പുകവലിക്കാൻ തോന്നുമ്പോൾ ഈ നെഗറ്റീവ് ചിത്രം ഓർക്കുക. നിരന്തരം ഈ ചിത്രം ഓർമ്മയിൽ കൊണ്ടുവരൽ പുകവലിയിൽ നിന്നും മുക്തനാക്കുമത്രേ.

പുകവലി ശീലമാക്കിയവനോട് ഈ ലൊട്ടു ലൊടുക്ക് വിദ്യ കൊണ്ടൊന്നും ഒരു കാര്യവുമില്ല. അവൻ ഈ നെഗറ്റീവ് ചിത്രം ഓർത്തോണ്ടു തന്നെ വലിക്കും. പിന്നെ പുകവലി ശീലമില്ലാത്ത, വല്ലപ്പോഴും വലിക്കുന്ന ആൾക്ക് ഇത് ഒരുപക്ഷേ സഹായിച്ചേക്കും. പക്ഷേ ശീലമില്ലാത്ത ആൾക്ക് പുകവലി നിർത്താൻ ഇത്തരം ചിത്രം നിരന്തരം ഓർമ്മയിൽ കൊണ്ട് വരേണ്ട കാര്യവുമില്ല എന്നതാണ് സത്യം.

മറ്റുള്ളവരെ അനുകരിക്കൽ അറിഞ്ഞോ, അറിയാതെയോ നാം ചെയ്യുന്നുണ്ട്. വിജയിച്ച അല്ലേൽ പ്രശസ്തനായ ഒരു വ്യക്തിയുടെ മാനറിസങ്ങൾ അനുകരിച്ചത് കൊണ്ട് ആരും വിജയം നേടില്ല. അറിഞ്ഞുകൊണ്ട് മാനറിസം അനുകരിക്കുന്നത് വ്യക്തിത്വ വികലതയാണ്. പിന്നെ അവരുടെ പ്രവർത്തന പദ്ധതികൾ അനുകരിക്കുന്നതിന്റെ കാര്യം, ഓരോ വ്യക്തിയുടെയും സാമൂഹ്യ സാഹചര്യങ്ങൾ വ്യത്യസ്തമാണ്. അത് തിരിച്ചറിയണം. അല്ലാതെയുള്ള പ്രവർത്തന പദ്ധതികൾ അനുകരണം വിഡ്ഢിത്തം ആയിരിക്കും. ബിൽ ഗേറ്റ്സിനെ അനുകരിക്കാൻ കേരളത്തിലെ ഒരു കൂലിപ്പണിക്കാരനോട് പറയുന്നത് തന്നെ പരിഹാസ്യവും, നിന്ദ്യവുമാണ്.

പൊതുവെ പറയാവുന്ന ഗുണങ്ങളായ സ്ഥിരോത്സാഹം, ആത്മാർത്ഥത, കഠിനാദ്ധ്വാനം ഇവ ഒക്കെ എല്ലാവരും വളർത്തി എടുക്കേണ്ട ഗുണങ്ങളാണ്. പക്ഷേ ഈ ഗുണങ്ങൾ ഉള്ളതുകൊണ്ട് പ്രശസ്തിയോ, സമ്പത്തോ, അധികാരമോ (ഇതാണല്ലോ ജീവിത വിജയത്തിന്റെ സാദാ അളവുകോലുകൾ) ലഭ്യമാവണം എന്നില്ല. ഇത് ശരിയാണെങ്കിൽ ഈ ഗുണങ്ങൾ ഉള്ള സാധാരണക്കാർ മുഴുവൻ പണ്ടേ വിജയിച്ചേനെ. സാമൂഹ്യ-രാഷ്ട്രീയ-സാമ്പത്തിക സംവിധാനത്തിന്റെ സ്വാധീനം ഉണ്ട് ഇതിലെല്ലാം. ചരട് കെട്ടിയാൽ, കുറി തൊട്ടാൽ, പൊങ്കാല ഇട്ടാൽ ജീവിതവിജയം നേടാനാവും എന്ന് കരുതുന്നവന് NLP യും അഭികാമ്യമായിരിക്കും.


WHERE WILL YOU GO NEXT?
It's time to take a trip home.
Visit India.
DELHI
MUMBAI
COCHIN
Book with Jaya Travel and find affordable airfare.
Travel from Detroit to Thiruvananthapuram, Kochi and all throughout India.
Call Jaya to book today!
1-877-359-5292 | WWW.JAYATRAVEL.COM
Before you travel the world, call Jaya Travel!
JAYA
TRAVEL & TOURS

**NLP യുടെ അവകാശവാദങ്ങൾ**

NLP യുടെ ഒരു പ്രധാന തത്വം ലോകവുമായുള്ള നമ്മുടെ ബന്ധം ഇന്ദ്രിയങ്ങളിലൂടെയുള്ള മനോരൂപങ്ങൾ ഉണ്ടാക്കിയാതെന്നതാണ്. കണ്ടും, കേട്ടും, സ്പർശിച്ചും, മണത്തും, രുചിച്ചും ഒക്കെയാണ് നാമീ മനോരൂപങ്ങൾ ഉണ്ടാക്കുന്നത്. ചിലരിൽ ചില ഇന്ദ്രിയങ്ങൾക്ക് ശേഷി കൂടുമത്രേ. ഈ ശേഷിക്കനുസരിച്ച് മനുഷ്യരെ തിരിച്ചറിഞ്ഞു പരിശീലനം കൊടുത്താൽ അവരിൽ വിഷാദം, ഭയരോഗം (ഫോബിയ), ദുഃശീലങ്ങൾ, പഠന വൈകല്യങ്ങൾ തുടങ്ങിയവ മാറ്റി എടുക്കാം എന്നാണ് NLP അവകാശപ്പെടുന്നത്. ഈ ഇന്ദ്രിയ ശേഷിയിൽ പ്രധാനപ്പെട്ടവ കാഴ്ചയും, കേൾവിയും, സ്പർശനവുമത്രേ. ഉദാഹരണത്തിന് ബസ് അപകടത്തിന് ദൃക്സാക്ഷി ആകേണ്ടി വന്ന ഒരാളോട് വർഷങ്ങൾക്ക് ശേഷം ആ അനുഭവം ഓർത്ത് എടുക്കാൻ പറഞ്ഞാൽ കാഴ്ചശേഷിക്കാരനാണ് അയാളെങ്കിൽ പറയുക രക്തത്തിൽ കുതിർന്ന ശരീരങ്ങൾ ഓർമ്മയിൽ നിന്നും പോകുന്നില്ല എന്നായിരിക്കും. അതേ സമയം ശ്രവണശേഷിക്കാരൻ പറയുക നിലവിളി ശബ്ദങ്ങൾ ഇപ്പോഴും ചെവിയിൽ മുഴങ്ങുന്നു എന്നാണ്. സ്പർശനശേഷിക്കാരനാവട്ടെ അത് ഓർമ്മയിൽ വരുമ്പോൾ മരണം അനുഭവിച്ച പോലെയാണ് എന്നാണ് പറയുക. ഇങ്ങനെ സംസാരത്തിലൂടെ നമുക്കു ഭിന്ന ഇന്ദ്രിയശേഷിക്കാരെ തിരിച്ചറിയാൻ പറ്റും.

ഭിന്ന ഇന്ദ്രിയശേഷിക്കാരെ മനസ്സിലാക്കാൻ NLP മുന്നോട്ട് വെയ്ക്കുന്ന വേറെ ഒരു മാർഗ്ഗം കൃഷ്ണമണിയുടെ ചലനങ്ങളാണ്. കാഴ്ചശേഷിക്കാരോട് അനുഭവങ്ങളെ ഓർത്തെടുക്കാൻ പറഞ്ഞാൽ അവരുടെ കൃഷ്ണമണി മുകളിലോട്ടു പോകും എന്നിട്ടും ഇടത്തോട്ടും നീങ്ങുന്നത് ഓർമ്മയിൽ കൊണ്ടുവരാൻ ശ്രമിക്കുന്നതിനും, വലത്തോട്ടു നീങ്ങുന്നത് അത് രൂപവത്കരിക്കാനും വേണ്ടിയിട്ടാണ്. ശ്രവണശേഷിക്കാർ കൃഷ്ണമണി സമാന്തരമായി ഓർത്തെടുക്കാൻ ഇടത്തോട്ടും, നിർമ്മിക്കാൻ വലത്തോട്ടും നീക്കും. എന്നാൽ സ്പർശനശേഷിക്കാർ കൃഷ്ണമണി താഴോട്ട് നീക്കി ഓർക്കാൻ ഇടത്തും, രൂപവത്ക്കരണ നിർമ്മാണത്തിന് വലത്തോട്ടും നീക്കും.




മുകളിൽ പറഞ്ഞ കാര്യങ്ങൾ വായിക്കുന്ന, ശാസ്ത്ര ബോധമില്ലാത്തവർ ഇതൊക്കെ ശരിയാണെന്ന് കണ്ണുമടച്ച് വിശ്വസിച്ചേക്കാം. ഒന്നു ചിന്തിച്ചാലോ, ഏറ്റവും വലിയ വിഡ്ഢിത്തമാണ് മുകളിൽ പറഞ്ഞ NLP അവകാശവാദങ്ങൾ... അതായത് സംസാരവും, കൃഷ്ണമണി ചലനങ്ങളും.

ശരീരങ്ങൾ ഓർമ്മയിൽ നിന്ന് പോകുന്നില്ല. ആർത്തനാദങ്ങൾ കേൾക്കുന്നു.

സ്പർശനാനുഭൂതി ഉണ്ടാകുന്നു എന്നൊക്കെ പറയുന്നത് അലങ്കാരികമായ് മാത്രമാ. വേറൊരു സംഭവം ഓർത്ത് വിവരിക്കാൻ പറഞ്ഞാൽ, ശ്രവണ ശേഷിക്കാരൻ പറയുക ആ ചിത്രങ്ങൾ ഓർമ്മയിൽ നിന്ന് മായുന്നില്ല എന്നായിരിക്കും, കാഴ്ചാശേഷിക്കാരൻ പറയുക ആർത്തനാദങ്ങൾ ചെവിയിൽ മുഴങ്ങുന്നു എന്നായിരിക്കും. ഇതിലൊന്നും യാതൊരു ശാസ്ത്രീയതയുമില്ല. എങ്ങനെയും ആൾക്കാർ അനുഭവങ്ങളെ വിവരിക്കും. വർണ്ണനകളിലൂടെയൊന്നും ആൾക്കാരുടെ ഇന്ദ്രിയശേഷി തിരിച്ചറിയാൻ പറ്റില്ല.

കൃഷ്ണമണിയുടെ കാര്യം സ്വയം തന്നെ പരീക്ഷിച്ച് തിരിച്ചറിയാവുന്നതാണ്. ഒരു സുഹൃത്തിനോട് പഴയ അനുഭവം ഓർക്കാൻ ആവശ്യപ്പെടുക. അവർക്ക് ചിലപ്പോ കൃഷ്ണമണി ചലനങ്ങളേ ഉണ്ടാവില്ല. എന്റെ ഒരു സുഹൃത്തിനോട് ഓർക്കാൻ പറഞ്ഞപ്പോ, അവൻ കണ്ണടച്ചു കളഞ്ഞു. തീർന്നു അവിടെ NLP. ഇതൊക്കെ നമുക്ക് തന്നെ പരീക്ഷിച്ചറിഞ്ഞ് സത്യം മനസ്സിലാക്കാവുന്നതാണ്.

NLP യുടെ ഈ അവകാശവാദങ്ങളൊക്കെ ഒരുപാട് പരീക്ഷണങ്ങൾക്ക് വിധേയമാക്കി പൊളിഞ്ഞു പോയതാണ്. ആധുനിക ന്യൂറോസയൻസുമായി യാതൊരു ബന്ധവുമില്ലാത്ത കാലഹരണപ്പെട്ട രൂപകങ്ങളെയാണിത് ഉപയോഗിക്കുന്നതെങ്കിലും ഈ കപടശാസ്ത്രത്തിന് ഇപ്പോഴും ജീവനുണ്ട്.

**NLP യുടെ മന്ത്ര തമാശകൾ**

ഒരു കപടശാസ്ത്രത്തെ അടിസ്ഥാനപ്പെടുത്തി ഭാവനാസിദ്ധാന്തങ്ങൾ എത്ര വേണേലും പടച്ചു വിടാൻ പറ്റും. പ്രത്യേകിച്ച് ഭാരത ആത്മീയ മന്ത്രതന്ത്ര പശ്ചാത്തലത്തിൽ, അത്തരത്തിൽ NLP യുടെ അടിസ്ഥാനത്തിൽ നവമാധ്യമങ്ങളിലൂടെ പ്രചരിക്കുന്ന ഒരു കുറിപ്പ് താഴെ കൊടുക്കുന്നു.

'തലച്ചോറിലെ ന്യൂറോണുകളിൽ ഏക രേഖാഭാവത്തിലുള്ള (Uni Linear Coding) സംയമനം നടക്കാൻ ഉതകുന്ന ശബ്ദാത്മകമാണ് ലളിതാസഹസ്രനാമത്തിലെ മന്ത്രങ്ങൾ എന്ന് Neuro linguistics-ൽ ഗവേഷണം നടത്തുന്ന ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിട്ടുണ്ട്. ഈ മന്ത്രങ്ങൾ ദീർഘങ്ങളും പ്രത്യേക ഘടനയുള്ളവയുമാണ്. ജർമ്മനിയിലുള്ള ചെറിയ ചെറിയ കൂട്ടായ്മകളിലെ അംഗങ്ങൾ ഒത്തുകൂടി നിലവിളക്ക് കൊളുത്തി വെച്ച് ലളിതാസഹസ്രനാമ മന്ത്രങ്ങൾ ജപിക്കുന്ന കാഴ്ച നമുക്ക് അവിടെ ചെന്നാൽ കാണാൻ കഴിയും. സംസ്കൃതത്തിലുള്ള ഈ മന്ത്രങ്ങളുടെ തർജ്ജമ (translation) അല്ല, ലിപ്യന്തരം (transliteration) ചെയ്തതിന്റെ ഓരോ കോപ്പിയുമായാണ് അവർ ചമ്രം പടഞ്ഞിരുന്ന് ജപിക്കുന്നത്. ഓർമ്മക്കുറവ്, അൾഷൈമേഴ്സ് രോഗം തുടങ്ങിയ മഹാവിപത്തുക്കളിൽ നിന്നും മോചനം ലഭിക്കാനുള്ള Neuro linguistic programme ആയിട്ടാണ് ഈ കൂട്ടായ്മ യോഗങ്ങൾ സംഘടിക്കപ്പെട്ടിരിക്കുന്നത്. മന്ത്രങ്ങൾ ഉച്ചരിക്കുന്ന ആളിൽ മാത്രമല്ല ശ്രോതാവിലും സദ്ഭാവനാ തരംഗങ്ങൾ ഉൽപ്പാദിപ്പിക്കുന്നു.

തലച്ചോറിൽ ഇവ ആൽഫാ തരംഗങ്ങളെ സൃഷ്ടിക്കുന്നുണ്ടെന്ന് ഡൽഹിയിലെ Defence Institute of Physiology and Allied Science നടത്തിയ ഗവേഷണങ്ങളിൽ തെളിയുന്നു. മനുഷ്യമസ്തിഷ്ക്കത്തിൽ ഒരു വൈദ്യുതകാന്തിക മണ്ഡലം (electromagnetic field) ഉണ്ടെന്നുള്ളത് ഒരു ശാസ്ത്ര സത്യമാണ്. പരിമിതമായി മാത്രം ഉൽപ്പാദിപ്പിക്കപ്പെടുന്ന ഈ വൈദ്യുതിയെ electro encephalograph ഉപയോഗിച്ച് അളക്കാൻ കഴിയും. ഈ വൈദ്യുതിയുടെ വിപുലീകൃത രൂപം (amplified form) ശാസ്ത്രജ്ഞൻമാർ ഒരു ഗ്രാഫിൽ ചിത്രീകരിക്കുന്നു. ഇവയ്ക്ക് പേര് Brain wave graphs എന്നാണ്. ഈ തരംഗങ്ങൾ നാലുതരത്തിലുണ്ട്.

ആൽഫാ, ബീറ്റാ, ഡെൽറ്റാ, തീറ്റാ. ഇതിൽ ഏറ്റവും ഊർജ്ജസ്വലതയുള്ളതും വേഗത കൂടിയതുമായ തരംഗം 'തീറ്റാ' യാണ്. മന്ത്ര സ്പന്ദനം കൊണ്ട് തലച്ചോറിലെ ഈ തരംഗങ്ങളെ ചലനോന്മുഖമാക്കുന്നു. ഈ Brain waves നെ നിയന്ത്രണ വിധേയമാക്കാൻ കഴിയുമെന്ന് ഒരു കാലത്ത് ശാസ്ത്രജ്ഞർ സ്വപ്നത്തിൽ പോലും വിഭാവനം ചെയ്തിട്ടില്ലായിരുന്നു. മനുഷ്യന് ആദ്ധ്യാത്മിക സാധനകളിലൂടെ ഈ തരംഗങ്ങളെ ഉത്പാദിപ്പിക്കാൻ കഴിയുമെന്ന് ഇന്ന് ശാസ്ത്രലോകം കണ്ടുപിടി

Highglow




**LOS ANGELES**
18644-A Pioneer Boulevard, Artesia, CA 90701
Tel: (562) 402-0112

**ATLANTA**
1709 Church Street, Unit C, Decatur, GA 30033
Tel: (404) 296-2714

**DETROIT**
28231 Ford Road, Garden City, MI 48135
Tel: (734) 422-6810

ച്ചിരിക്കുന്നു."

സാമാന്യ ബോധമുള്ള ഒരു വ്യക്തി ഇത്തരം മെസേജസ് തള്ളിക്കളയും, എന്നാൽ ഇമ്മാതിരി സന്ദേശം വായിച്ചാൽ ബി.സി.ഇ യിൽ വിമാനം പറത്തി, പ്ലാസ്റ്റിക് സർജറി നടത്തി, എന്നൊക്കെയുള്ള തമാശ കഥകൾ സത്യമാണെന്ന് വിശ്വസിക്കുന്നവർ അന്ധവിശ്വാസം ഒന്നൂടെ അരക്കിട്ടുറപ്പിക്കും. ഈ കുറിപ്പുകളുടെ ശാസ്ത്രീയതയോ, സാങ്കേതിക വിശദാംശങ്ങളോ ഇവർ ഒരിക്കലും അന്വേഷിക്കില്ല. ഒറ്റ വായനയിൽ ശാസ്ത്രീയം എന്ന് തോന്നിപ്പിക്കുന്ന ഇങ്ങനെയുള്ള കുറിപ്പുകളാണ് അന്ധവിശ്വാസത്തിന്റെ, അശാസ്ത്രീയ ചിന്തകളുടെ ആധുനിക രൂപങ്ങൾ. വിദ്യാസമ്പന്നർ ആണിത്തരം സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നത് എന്നത് പരിതാപകരമായ യാഥാർത്ഥ്യമാണ്.

**എന്താണ് മുകളിലെ കുറിപ്പിലെ വസ്തുത?**

ന്യൂറോ ലിങ്ഗ്വിസറ്റിക് എന്നത് തന്നെ കപടശാസ്ത്രമാണ്, പിന്നെ അതിൽ ഗവേഷണം നടത്തി കണ്ടുപിടിച്ചു എന്നൊക്കെ പറയുന്നത് ശുദ്ധ അസംബന്ധമാണ്. ഏത് ഘടനയിലുള്ള മന്ത്രം, എങ്ങനെ ചൊല്ലിയാലും ഒരു രോഗവും മാറിയതായി ശാസ്ത്രീയമായി ഇതുവരെ തെളിഞ്ഞിട്ടില്ല. അങ്ങനെ തെളിഞ്ഞിരുന്നേൽ മെഡിക്കൽ കോളേജുകളിൽ ഈ മന്ത്രങ്ങൾ പഠിപ്പിച്ചേനേ! എന്താ സുഖം! അഞ്ച് പൈസേടെ ചെലവില്ല. രോഗം വന്നാൽ 2 മന്ത്രം ചൊല്ലണം, അത്ര തന്നെ!!!

പാട്ട് ഒക്കെ കേൾക്കുമ്പോൾ അനുരണങ്ങൾ ഉണ്ടാകും. പക്ഷേ താത്കാലികം മാത്രമാണ്. ശാരീരിക വേദനകൊണ്ട് പുളയുമ്പോൾ എത്ര നല്ല പാട്ടും നമ്മുടെ വേദന മാറ്റുകയോ, മാനസിക സ്വസ്ഥത തരുകയോ ഇല്ല. അതുപോലെ തന്നെ മന്ത്രങ്ങളുടെ കാര്യവും, നല്ല വേദന അനുഭവിക്കുന്ന ഒരാളോട്, 2 ലളിത സഹസ്രനാമം ചൊല്ലിത്തരട്ടെ എന്ന് പറഞ്ഞാൽ, പറയുന്നവൻ ചിലപ്പോൾ സഹസ്ര നക്ഷത്രം കാണും.

തരംഗങ്ങൾ ഉൽപാദിപ്പിക്കുന്നു എന്ന് പറയുന്നത് തെറ്റാണ്. മസ്തിഷ്ക്കത്തിൽ ഗാമാ, അൽഫാ, ബീറ്റാ, ഡെൽറ്റ, തീറ്റ എന്നിങ്ങനെയുള്ള തരംഗങ്ങൾ ഉണ്ട്. മസ്തിഷ്ക്കത്തിൽ ഉള്ള ഈ തരംഗങ്ങളെ ഉല്പാദിപ്പിക്കേണ്ട കാര്യമില്ല. ഈ തരംഗങ്ങൾ നമ്മുടെ അവസ്ഥയ്ക്ക് അനുസരിച്ചു മാറിക്കൊണ്ടിരിക്കും. ഉറങ്ങുമ്പോൾ ഡെൽറ്റ, തീറ്റ, ആൽഫ എന്നിങ്ങനെ ഉറക്കത്തിന്റെ തീവ്രതയനുസരിച്ചു മാറും.

തീറ്റാ തരംഗങ്ങളെ മന്ത്രങ്ങൾ കൊണ്ട് ഒന്നും ചെയ്യാൻ കഴിയില്ല. ഇതിന്റെ ആവൃത്തി 8 ഹേർട്ട്സിൽ താഴെയാണ്.

തീറ്റ തരംഗങ്ങളല്ല വേഗം കൂടിയ മസ്തിഷ്ക തരംഗങ്ങൾ, ഗാമ തരംഗങ്ങളാണ് ഏറ്റവും വേഗം കൂടിയ മസ്തിഷ്ക തരംഗങ്ങൾ. ഒരു മന്ത്രം കൊണ്ടും ഇതിനെയൊന്നും നിയന്ത്രണവിധേയമാക്കാമെന്ന് ആരും ഇന്നേ വരെ കണ്ടുപിടിച്ചിട്ടില്ല. 20 ഹേർട്ട്സിൽ താഴെയുള്ള ശബ്ദങ്ങൾ നമുക്ക് കേൾക്കാൻ കഴിയില്ല. അവ തലച്ചോറിൽ ഉണ്ടാക്കുന്ന സംവേദനങ്ങൾ അവഗണിക്കാവുന്നതാണ്.

ആദ്ധ്യാത്മക സാധനകൊണ്ട് ഒന്നും മസ്തിഷ്ക്കത്തിൽ തരംഗങ്ങൾ ഉല്പാദിപ്പിക്കാൻ പറ്റില്ല. ആധ്യാത്മക സാധനയായ ധ്യാനത്തിൽ ഇരിക്കുന്നവരുടെ FMRI (Functional Magnetic Resonance Image) പരിശോധിച്ചപ്പോൾ സ്ഥലം, സമയം ഇവ നിർണ്ണയിക്കുന്ന മസ്തിഷകഭാഗങ്ങൾ, സക്രിയത വളരെ കുറഞ്ഞ അവസ്ഥയിൽ ആയിരുന്നു. അതുകൊണ്ട് തന്നെ അവർക്കു ആ സമയത്ത് അഹംബോധം ഇല്ലായ്മ എന്നൊക്കെയുള്ള മിഥ്യാബോധം ഉണ്ടാകാറുണ്ട്. അത്ര തന്നെ.

തിരിച്ചറിയേണ്ട കാര്യം NLP ക്ക് എന്തേലും, ശാസ്ത്രീയ തെളിവുണ്ടേൽ അത് വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമാകുമായിരുന്നേനേ. സംസാരം കൊണ്ടോ, കൃഷ്ണമണി ചലനങ്ങൾ പോലുള്ള സംജ്ഞകൾ കൊണ്ടോ മനുഷ്യ മനസ്സ് വായിക്കാൻ പറ്റില്ല. തികച്ചും പ്രതിലോമകരമായ, അബദ്ധജടിലമായ, അപകടകരവുമായ NLP പോലുള്ള കപടശാസ്ത്രങ്ങൾ ആധുനിക, പരിഷ്കൃത, ജനാധിപത്യ സമൂഹത്തിന് ഭൂഷണമല്ല.



# DMA Valentine's Day Celebration











**Shreekala Kutty**





DMA has an annual tradition of celebrating Valentine's Day with a grand Family Fiesta. Accordingly, on Feb 11th this year, all DMA executive members, family and friends, gathered for an evening, filled with fun, games and laughter. It included a professional photo session shot by Varghese photography studio, with fun props and background.

Food and drink was ofcourse an important part of the celebration, and our DMA members got together to plan out and prepare an array of yummy home cooked dishes like idiyappam, masala idli, biryani, chicken, egg and meat curries and stir fries.

The evening would not be complete without some fabulous decor to get everyone in the right mood for celebration. The theme for the evening was 'Sparkle On' and the beautiful ladies and dapper gents of DMA, went out of their way to dress up in their glamourous, glittering best.

There were games for adults and kids including jeopardy, best dressed couple for adults and musical chairs for kids.

DMA president, Sajan and first lady, Tessy, crowned the winner of the games, our very own 'DMA Superstar Couple' – Shalu and David Osborne and runner up, Anniamma and Ajith Ayampilly.

'Best Dressed Couple' was won by Devika and Rajesh Nair, for their sparkly and colorful attire. Prizes were also won by kids for the games, specially organized for them, by Prisca Abraham, Youth forum President.

The evening was a glittery, colorful break from the long, dreary winter and enjoyed by all who attended. Thanks to all the wonderful, selfless people of DMA who worked hard to plan, organize, coordinate and attend this event. You know who you are – so a big shout out to all of you! Go DMA!












Michigan Malayalee - 2013
Weekend Buffet &
Banquet hall Available


Since 15 Years
National Groceries
Indian Cuisine
Catering & Carry out of your needs
33148 Ryan Road,
Sterling Heights, MI, 48120
Phone: 586-268-8225



# Children's Academy

www.mca-ocamontessori.com

At Children's Academy we offer your child the best Montessori "prepared environment" that fosters a love of learning.

- Commitment to Each Child
- Comprehensive Curriculum Committed to Excellence
    - Children "learn by doing"
- Offering Pre Primary through Elementary
    - Practical Life
    - Sensorial
    - Language
    - Math
    - Cultural Studies
    - Geography
    - Science
    - Music
    - Spanish
    - Art
- Trained Experienced Staff
    - Montessori Certified

**Contacts:**

**Macomb Children's Academy**
2171 Fifteen Mile Road
Sterling Heights, MI 48310
O:(586) 979-5501
F:(586) 979-5502
email:Office@mcamontessori.com

**Oakland Children's Academy**
3668 Livernois (South Building)
Troy, MI 48083
O:(248) 729-7505
email: office@ocamontessori.com

Inspired by Maria Montessori's vision of changing the world through the child.



ജെ. മാത്യൂസ്

# വായനക്കാർ കുറയുന്നു എഴുത്തുകാർ കൂടുന്നു

അമേരിക്കയിലെ മലയാളികളിൽ 'വായനക്കാരെക്കാൾ കൂടുതൽ എഴുത്തുകാരുണ്ട്" എന്നൊരു വിമർശനമുണ്ട്. ഈ വിമർശനത്തിൽ നർമ്മവും അതിശയോക്തിയും വളരെയുണ്ടെങ്കിലും കുറെ നേരുമുണ്ട്. ആഗ്രഹിച്ചിരുന്ന പലതും നേടിക്കഴിയുമ്പോൾ ഇനി ഒരു സാഹിത്യകാരനായാൽ കൂടുതൽ പ്രസിദ്ധനാകാൻ കഴിയുമെന്നു ചിന്തിക്കുന്നവരുടെ എണ്ണം പെരുകിവരുന്നു. സ്വന്തം ചെലവിൽ പുസ്തകം അച്ചടിപ്പിച്ച് പ്രകാശനം ചെയ്യുന്നവരാണ്. ഒരു പുസ്തകമെങ്കിലും 'സ്വന്തം പേരിൽ' പ്രസിദ്ധീകരിച്ചിട്ടുള്ള, അറിയപ്പെടുന്ന എഴുത്തുകാർ, അമേരിക്കയിലെ മലയാളികളിൽ ഇരുനൂറിലധികം വരും! ഈ പുസ്തകങ്ങളിൽ എത്രയെണ്ണം വിൽക്കപ്പെടുന്നുവെന്ന ചോദ്യത്തിന്, 'എണ്ണാൻ വിരലുകൾ മുഴുവൻ വേണ്ട' എന്നാണ് നേരു പറയുന്ന പലരുടെയും മറുപടി! ഈ ശോച്യാവസ്ഥക്കെന്താണു കാരണം? പുസ്തകങ്ങളുടെ മേന്മക്കുറവല്ല; പല പുസ്തകങ്ങളും ഉയർന്ന നിലവാരം പുലർത്തുന്നവയാണ്.

വായനയോടുള്ള വിരക്തി, അമേരിക്കയിലെ മലയാളികളിൽ മാത്രം കാണുന്ന ഒരു പ്രവണതയല്ല. ആഗോളതലത്തിൽ തന്നെ വായനയിലുള്ള താൽപര്യം കുറഞ്ഞുവരുന്നതായി പല പഠനങ്ങളും തെളിയിച്ചിട്ടുണ്ട്. അന്തർദേശീയതലത്തിൽ ഗവേഷണം നടത്തുന്ന 'You Gov' യുടെ മേൽനോട്ടത്തിൽ The Guardian നടത്തിയ ഒരു സർവേയിൽ, അമേരിക്കയിൽ സാഹിത്യഗ്രന്ഥങ്ങളുടെ വായന അടിക്കടി കുറഞ്ഞുവരുന്നതായി കണ്ടെത്തിയിരിക്കുന്നു. ഇതേ ഫലം തന്നെയാണ് വാഷിംഗ്ടൺ പോസ്റ്റും Books at work ഉം നടത്തിയ പഠനത്തിലും കണ്ടെത്തിയത്. NEA (National Endowment for the Arts) 2015-ൽ പ്രസിദ്ധപ്പെടുത്തിയ റിപ്പോർട്ടിൽ എല്ലാ സാമൂഹ്യതലങ്ങളിലും മേഖലകളിലും സാഹിത്യ ഗ്രന്ഥപാരായണത്തോടുള്ള താൽപര്യം നിരന്തരം കുറഞ്ഞു വരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു.

വായനയിൽ നിന്നും ശ്രദ്ധ തിരിച്ചു വിടുന്നതിൽ മുഖ്യമായ പങ്ക് ടി.വി. ചാനലുകൾക്കുണ്ട്. ചൂടേറിയ രാഷ്ട്രീയ ചർച്ചകളും ഞെട്ടിപ്പിക്കുന്ന ലൈംഗിക പീഡനകഥകളും, ടി.വി. സ്ക്രീനിൽ മിന്നിത്തെളിയുമ്പോൾ നോവലു വായിച്ചു രസിക്കാൻ ആർക്കാണു നേരം. അനന്തമായ വിജ്ഞാനലബ്ധിക്കുള്ള 'അക്ഷയ പാത്ര'മാണ് സ്മാർട്ട് ഫോൺ. പക്ഷേ, അത് സ്വതന്ത്രചിന്തയുടെ ചിറകരിയുന്നു! എങ്കിൽതന്നെ, ശരീരത്തിലെ ഒരവയവം പോലെയായിത്തീർന്നിട്ടുണ്ട് സ്മാർട്ട് ഫോൺ ഇന്ന്.

നോവൽ, ചെറുകഥ, കവിത, നാടകം, യാത്രാവിവരണം, ആത്മകഥ തുടങ്ങിയ സാഹിത്യഗ്രന്ഥങ്ങളുടെ വായന, വായനക്കാരന്റെ സ്വഭാവത്തെ സാരമായി സ്വാധീനിക്കാറുണ്ട്. ഒരു നോവൽ വായിക്കുമ്പോൾ, അതിലെ കഥാപാത്രങ്ങളുടെ കണ്ണുകൊണ്ട് വേറിട്ട് ഒരു ലോകം കണ്ടെത്തുകയാണ് വായനക്കാരൻ. മാനസിക വികാസവും, വിശാലവീക്ഷണവും സഹിഷ്ണതയും സഹാനുഭൂതിയും നല്ല സാഹിത്യഗ്രന്ഥങ്ങൾ വായിക്കുന്നതിലൂടെ നേടാൻ കഴിയുന്ന ഗുണങ്ങളാണ്. ഒരു രാജ്യത്തെ ജനതയുടെ വായനയുടെ നിലവാരം ആ രാജ്യത്തിന്റെ നയങ്ങളെ സ്വാധീനിക്കുന്നു. നല്ല വായന മനുഷ്യനെ നല്ലവനാക്കുന്നു, നല്ല ലോകം സൃഷ്ടിക്കുന്നു.

സാഹിത്യകൃതികളും ബന്ധപ്പെട്ട വിഷയങ്ങളും ചർച്ച ചെയ്യുന്ന പല സാഹിത്യവേദികളും അമേരിക്കയിൽ മലയാളികൾക്കുണ്ട്. അവയുടെ ഫലപ്രദമായ പ്രവർത്തനം എഴുത്തുകാർക്ക് പ്രയോജനകരമാണ്. ഈ ചർച്ചാവേദികൾ കൂടുതൽ കൂടുതൽ പുതിയ ആളുകളെ പങ്കെടുപ്പിച്ചുകൊണ്ട് കൂടുതൽ ജനകീയമാക്കേണ്ടിയിരിക്കുന്നു. വായനക്കാരുടെ താൽപര്യം വളർത്തിയെടുക്കേണ്ടത് അമേരിക്കയിൽ മലയാള സാഹിത്യത്തിന്റെ നിലനിൽപ്പിനും വികാസത്തിനും അത്യന്താപേക്ഷിതമാണ്.

# Carewell Pharmacy

41940 Hayes Road, Clinton Township, MI 48038

**Tel: (586) 221-2829**

www.cwpharmacy.com
email:care@cwpharmacy.com





## WHY COME TO US!!!!

- One stop shop for all your pharmacy needs including compounding and customized packaging
- No waiting, and know by name service in a customer friendly environment
- Free Delivery at your door step (restriction apply)
- Free customized packaging (weekly / monthly) for needy and elderly customers
- Free medication review
- We accept all insurance plans and workers compensation

*not applicable to any govt sponsored insurances
* Restrictions apply

- No Insurance - No Problem!!! We price match !!
- Flu shots available
- Free diabetic screening
- Free medication consultation
- Transferring your prescriptions to us is easy
- Friendly and courteous staff
- Free blood pressure screening
- Automatic refill reminders, texting when prescriptions are ready
- We Compound
- Over the counter medications
- Free educational Seminars






# കുസൃതി

അനിതാ പണിക്കർ

പ്രകൃതീനിൻ ആർഭാടനിറത്തിമിർപ്പിൽ
മുങ്ങി മതിമറന്നീടുന്നിതെൻ മനമിതാ വീണ്ടും
ഇല പെരുപ്പിച്ചും,
നിറമൊഴിപ്പിച്ചു തെറിപ്പിച്ചും,
ഭ്രമിപ്പിച്ചും,
          വെറുതേ, കൊതിപ്പിച്ചുനീ...
          മുമ്പത്തേപോലെന്നെ
          കരയിക്കുവാനുള്ള ഭാവമല്ലേ?

ജിൻകൊമരത്തിന്റെ മഞ്ഞിമയും,
സമോക്ക്ബുഷ്തന്നുടെ ഫൂഷനും,
മേപ്പിളിൻ തീതുപ്പും,
മഞ്ഞച്ചുവപ്പും,
റെഡ്ബഡ്ഡിൻ എളിമയും,
          കാട്ടിനീ....
          പണ്ടത്തെപ്പോലെന്നെ
          കളിപ്പിക്കുവാനുള്ള ഒരുക്കമല്ലേ?

വരും ശിശിരത്തിൻ ചവർപ്പിൽ
വിങ്ങും കുളിരിൻ മൂകതയിൽ,
വിളറിയ മഞ്ഞുമലകൾതൻ വന്ധ്യതയിൽ
വെള്ളതൻ നിതാന്തശൂന്യമാം വിരിപ്പിൽ,
വീണ്ടും നടന്നിറങ്ങുന്നതിൻ മുൻപ്
          ചെപ്പടിവിദ്യകാട്ടി നീ...
          എന്നത്തേംപോലെന്നെ
കബളിപ്പിക്കുവാനുള്ള കുസൃതിയല്ലേ?



Namaste Flavours
Indian Cuisine

Delicious Indian Food
at Reasonable price

34749 Grand River Ave,
Farmington, MI 48335
Phone: (248) 471-5555

44954 Ford Rd,
Canton, MI 48187
Phone: (248) 476-5555

AVITA CARPET INC.



Flooring Services ~ Sales, Installations & Repairs
Residential • Commercial • Industrial • Schools
Hardwood Floors ~ Cherry, Oak, Birch, & Teak
• Plank & Strip • Custom & Pre-Finished Floor Sanding
• Stains & Varnishes • Sealers
Tile & Sheet Linoleum
Indoor & Outdoors Floorings
Floor Tile • Non-Wax Linoleums & Tiles
Artifical Grass • Rubber Mats
Cushioned & Sheet Vinyl
Non-Skid Safety Walks
Wall-toWall Carpets • Rugs • Slate • Terracotta Flooring
Water Damage Corrected

36111 Ford Road Westland, MI 48185
Phone: (734) 729-2929, Fax: (734) 729-2909
Email: avitacarpetinc@gmail.com
http://www.avitacarpet.com


AAHAR
BREAKFAST on SAT and SUN
Dine In or Take out
Hours: 7:30 AM to 10:00 AM
Breakfast Buffet $8.49
Carry out by Orders
248-473-4500
35564 GRAND RIVER (AT DRAKE), FARMINGTON HILLS


URON Tax & Financial Services, LLC
"Your One-Stop Station For Tax Preparation, Representation, & Investments"
3098 Bennington Dr
Wixom, MI 48393
Cell: 248-921-9941
Phone: 248-624-2511
Fax: 248-679-1553
Email: gtvann@aol.com
George T. Vannilam MS, EA, MBA
President
Fellow, National Tax Practice Institute (NTPI)
Enrolled Agent Authorized to Represent You Before IRS
www.NAEA.org www.MiSEA.org
www.UronTax.com



# പറഞ്ഞു മറന്ന കഥ



സാജൻ ജോസ്

**സ്നേ**ഹനൊമ്പരങ്ങളുടെ ചില്ലുകൂട്ടിൽ നിന്നും പുറത്തേക്കുള്ള വാതായനങ്ങൾ പരതുന്നവരുടെ കൂടെക്കഴിയാനായിരുന്നു അയാളെന്നും ആഗ്രഹിച്ചിരുന്നത്. പ്രവാസത്തിന്റെ ചില്ലറ നീറ്റലുകൾക്കുമപ്പുറത്ത് വേർപാടിന്റെ നൊമ്പരങ്ങൾ ഉപ്പുതൂണുകളെ ഓർമ്മിപ്പിക്കത്തവണ്ണം ചിന്തകളിൽ എന്നും കൂട്ടിനുണ്ടായിരുന്നു. സ്വപ്നങ്ങളുടെ കൂടെ ബാല്യത്തിന്റെ പാതയോരം ചേർന്നു നടക്കുമ്പോൾ ആയതിനു കാരണഭൂതനായവനിൽ സ്വയം അലിഞ്ഞില്ലാതാവുന്ന അവസ്ഥ. എല്ലാ പൊടിഞ്ഞൊന്നാകുന്നതു പോലെ. ബാല്യത്തിലെ ആകാശങ്ങൾക്കു വലിപ്പം കുറവായിരുന്നു. ഏറിയാൽ ഒരു ചെമ്മൺപാതയുടെ നീളവും വീതിയും അല്ലെങ്കിൽ മരമൊഴിഞ്ഞ ഒരു റബ്ബർക്കാടിന്റെ ചതുരവിന്യാസത്തിൽ.

ശാന്തസമുദ്രത്തിന്റെ തിരയിളക്കങ്ങളെ കരയിൽ നിന്നും വേർതിരിക്കുന്ന നീലമലകളുടെ താഴ്‌വര. ഉരുക്കും ചില്ലുകളും കൊണ്ടു മനോഹരമാക്കിയ സ്തംഭതുല്യ ഹർമ്മ്യങ്ങളിൽ മനുഷ്യൻ എറുമ്പുകളെപ്പോലെ പണിയെടുക്കുന്നു. അന്യഗ്രഹജീവികളെപ്പോലെ അഭിവാദനം ചെയ്യുന്നു. നിറം മങ്ങിയ ചേഷ്ടകൾ. മരുഭൂമിയും മഹാസമുദ്രവും മാമലകളും ഒരുമിക്കുന്ന മറ്റൊരു ത്രിവേണി. മരുഭൂമിയോടു ചേർന്ന പർവതശിഖരങ്ങളിൽ വളരാൻ മടിച്ചു കരിഞ്ഞു തുടങ്ങിയ കറുകപ്പുല്ലുകൾ. കടലോ മലനിരകളിലെ പച്ചപ്പു കണ്ടു തേങ്ങിയതു പോലെ, പർവതങ്ങൾ തളിക്കുന്ന വർഷമാസങ്ങൾക്കായ് കാത്തിരിക്കുന്നതു പോലെ. ആകാശങ്ങൾക്കു വലിപ്പം വച്ചു തുടങ്ങിയിരിക്കുന്ന.ു ഇന്നത് നീണ്ടു പരന്ന് ശാന്തസമുദ്രത്തിന്റെ വടക്കു കിഴക്കെ ഉള്ളുമുതൽ അങ്ങു മഹോവി മരുഭൂമിയുടെ തെക്കേ അറ്റം വരെ പരന്നു കിടക്കുന്നു.

അയാൾ പുറത്തേയ്ക്കിറങ്ങി. ഇടനാഴികൾ പിന്നിട്ടു വലത്തേ അറ്റത്തെ ലിഫ്റ്റിനെ ലക്ഷ്യമാക്കി, എതിരെ പോകുന്നവർക്കു തടസ്സമുണ്ടാക്കാതെ പതിയെ നടന്നു. പതിമൂന്ന്, ............... അഞ്ച്, അഞ്ചാം നിലയുടെ തുറവിയിലേക്കയാൾ ഇറങ്ങി, താഴെ അലമദിൻ ബൊളിവാഡും പാർക്ക് അവന്യുവും ഒന്നിക്കുന്നു. നിരത്തുകളിൽ ഇടതടവില്ലാതെ ഒഴുകുന്ന പല വർണ്ണങ്ങളിലുള്ള ചെറുതും വലുതുമായ വാഹനങ്ങൾ, ഒരിക്കലും അവസാനിക്കാത്ത യാത്രകൾ. നാട്ടിൻപുറത്തെ ഇടുങ്ങിയ പാതയോരത്തെ റബ്ബർക്കാടുകളിലേയ്ക്കു തുറക്കുന്ന കൂറ്റൻ വാതിലുകളുടെ പായൽപിടിച്ച കെട്ടിൽ വെറുതെ കിടന്നു നേരം പോക്കിയ സന്ധ്യകളിൽ, അതിർഭിത്തികളിൽ നിന്നടർന്നു വീണ തേക്കിൻപൂവുകൾ നിരത്തിലുടയാതെ കിടക്കുമായിരുന്നു, പുലർകാല സഞ്ചാരികൾക്കു വിരിച്ച വെളുത്ത പരവതാനി പോലെ.

ഹെറിട്ടേജ് കെട്ടിട സമുച്ചയങ്ങൾക്കിടയിലൂടെ കിഴക്കോട്ടു നോക്കിയാൽ വേനലിന്റെ വറുതി കാണാം, കരിഞ്ഞു തീരാറായ സാൻജോസ് പട്ടണത്തിലെ ദാരിദ്ര്യത്തിന്റെ ബാഹ്യഅടയാളങ്ങൾ. ഉണ്മയെ ഉൾക്കൊള്ളുവാൻ കഴിയാത്തവണ്ണം സാന്തക്ലാര തെരുവിലെ അംബരചുംബികൾ തലയെടുപ്പോടെ നിൽക്കുന്നു. 'ഇറങ്ങിയേക്കാം'. അയാൾ പതിയെ പിറുപിറുത്തു. വെള്ളിയാഴ്ചയല്ലെ, സ്ഥിരം ജോലിക്കാരൊക്കെ നാലുമണിയാകാൻ കാത്തിരിക്കും, പിന്നെ ഒരോട്ടമാണ്. പക്ഷെ അയാളൊരു കൊണ്ട്രാക്ടർ ആണ്, കുറച്ചു കാലത്തേക്കു മാത്രം വിളിക്കപ്പെട്ടവൻ. കാലാവധി പൂർത്തിയാക്കിയാൽ മടങ്ങണം, "ഈ ജിവിതം തന്നെ..." അയാൾ പതിയെ നൂറ്റിമുപ്പത്തിനാലാം മുറിയിലേക്കു കയറി. അടുത്ത മുറിയിൽ നിന്ന് വിയറ്റ്നാംകാരനായ അയാളുടെ മാനേജർ ആരോടോ ഉറക്കെ സംസാരിക്കുന്നു. പാതിയുയർത്തിയ ജനാലമറയിലൂടെ നെടുകെയും കുറുകെയും പോകുന്ന വാഹനങ്ങളും നോക്കി അയാളിരുന്നു. അന്തർസംസ്ഥാന പാതയോരത്തെ ആപ്പീസു മുറിയും ഇരുവശങ്ങളിലെ പാതിയുയർത്തിയ ചില്ലുജാലകങ്ങളും അയാൾക്ക് ഒരു തരം പ്രഹേളിക പോലെ തോന്നി. എക്സ്പ്രസ് പാതയിലെ ചെറുതും വലുതുമായ വാഹനങ്ങൾ ജന്മാന്തരങ്ങളിലൂടെ ഓടി മറയുന്ന തലമുറകളായി, നേർപാതയിൽ പിടിച്ചു നിർത്തുന്ന നിരത്തിലെ വെ


MOST INDIAN ITEMS
PAKISTANI, INDIAN, ARABIC GROCERIES
ABDU MARKET
ABDU HALAL MEATS & GROCERY MARKET
GROCERIES
FRESH MEAT
VEGETABLES
42468 CHERRY HILL RD, CANTON, MI 48187
OPEN DAILY: 10:00 AM TO 9:00 PM
734-335-7519
734-335-7308


We Are Relocating To A Better And Bigger Place To Serve You Better.
Find Every Thing Under One Roof
VANI FOODS
* Frozen foods
* Frozen and fresh fish
* Dry fish
* Dry foods
* Organic dal
* Flours
* Masala and rice
We carry All Puja product And Idols
New Location
38350 W 10 Mile Rd
Farmington, MI 48335
New
Old

ളുത്ത വരകൾ പഴയതിന്റെ പൊടിഞ്ഞു തുടങ്ങിയ ഓർമ്മകളിലേയ്ക്ക് അയാളെ വലിച്ചു കൊണ്ടു പോകുന്നതു പോലെ.

പകലിന്റെ പ്രകാശം കുറഞ്ഞു വന്നു കൊണ്ടിരുന്നു. കിഴക്കെ ടവറിന്റെ നിഴലുകൾ അലമദിൻ റോഡും കടന്ന് ഹെറിട്ടേജ് കെട്ടിടത്തിന്റെ പാതയിലെത്തി നിൽക്കുന്നു. ഒന്നിനെ മറ്റൊന്ന് മറയ്ക്കാൻ ശ്രമിക്കുന്നതു പോലെ. കുഞ്ഞുന്നാളിൽ അമ്മയുടെ പഴയ സാരിത്തുണികൾ പടിഞ്ഞാറെ ത്തിണ്ണയിൽ വലിച്ചു കെട്ടി സന്ധ്യയ്ക്ക് നിഴൽനാടകം കഴിച്ചതും, എണ്ണവിളക്കൂതിയണച്ച് ജാലകവാതിലിലൂടെത്തി നോക്കിയ ചാന്ദ്രിക വെളിച്ചത്തിൽ ഏട്ടത്തിയെ പേടിപ്പിച്ചതും അയാൾക്കിന്നും ഓർമ്മയുണ്ട്. റബ്ബർക്കാടുകളിലൂടെയുള്ള ഇരുട്ടിന്റെ മറ പിടിച്ചുള്ള യാത്രകൾ എന്നും ഭയമുളവാക്കുന്നവയായിരുന്നു. വായനശാലയിൽ നിന്നുള്ള രാത്രി മടക്കത്തിനു അങ്ങോട്ടുള്ളതുള്ളതിലും തിടുക്കവുമുണ്ടായിരുന്നു. കണ്ണുകൾ ആരോ മുന്നോട്ടു പിടിച്ചു കെട്ടിയതു പോലെ, ഇരുപുറവും നോക്കാതെ ഒരൊറ്റയോട്ടം.

വെറുതെ ഇ-പത്രങ്ങളിലൂടെ കണ്ണോടിച്ചു കൊണ്ടിരുന്നപ്പോഴാണു വാതിൽപ്പുറത്ത് പരിടയമുള്ള ഒരു സ്വരം കേട്ടത്, 'മി. രമേശൻ, പ്ലീസ് കം'. അയാളുടെ മാനേജർ. രണ്ടു കുട്ടികളുണ്ടയാൾക്ക്, രണ്ടാമൻ സ്റ്റാൻഫൊർഡ് സർവ്വകലാശാലയിൽ ഉന്നതപഠനം നടത്തുന്നു. ട്രങ്ങ് ഫം നെ കാണുമ്പോഴൊക്കെ അയാൾക്ക് ഓർമ്മ വരുന്നത് ഒന്നാം വർഷ ബിരുദത്തിനു നടുവിലത്തെ നിരയിലിരുന്ന സെബാസ്റ്റ്യനെയാണ്. പ്രീഡിഗ്രിയുടെ മുഴുവൻ ദിവസങ്ങളിലും ക്ഷൗരം ചെയ്തിട്ടും മീശ മുളയ്ക്കാതിരുന്ന പറമ്പിൽ സെബാനെ. ട്രങ്ങ് ഇടയ്ക്ക് വിളിക്കാറുണ്ടയാളെ. അടുത്തിടെ പോയ ഉഷ്ണകാലയാത്രകളുടെ കടൽത്തീര കഥകൾ പറയാനോ, അവസാനിക്കുവാൻ പോകുന്ന കോൺട്രാക്ടിന്റെ പുതുക്കിയ തീയതി വിവരങ്ങളെക്കുറിച്ച് സംസാരിക്കുവാനോ മറ്റോ. ഒരു ചെറിയ മൗനത്തിന്റെ അവസാനം ട്രങ്ങ് പറഞ്ഞുതുടങ്ങി. പിന്നീട് അദ്ദേഹം കാണിച്ച അസാധാരണമായ തിടുക്കം രമേശനിൽ എന്തോ ഒരുതരം കൗതുകമുളവാക്കി. എന്തൊക്കെയോ പറഞ്ഞവസാനിപ്പിക്കാൻ ട്രങ്ങ് പ്രയാസപ്പെടുന്നതു പോലെ. "സി മിസ്റ്റർ രമേശ് പൊതുവാൾ. കമ്പനി ഡിഡ്നോട്ട് റീച്ച് ദി സെക്കന്റ് ക്വാർട്ടർ എക്സ്പെക്റ്റേഷൻസ് ആൻഡ് അസ്പെർ ടുഡേസ് സി.ഇ.ഒ. ചാറ്റ്, വി ഹാവ് എ ഡിസിഷൻ റ്റു കട്ട് ഡൗൺ അവർ സ്റ്റ്രെങ്ങ്ത്. അൺഫോർച്ചുനേറ്റ്ലി, യു ആർ വൺ എമങ്ങ് ദം. താങ്ക്സ് ഫോർ യുവർ സർവീസസ്." ഒന്നും മനസ്സിലാകാത്തതു പോലെ രമേശൻ ഇനിയും മീശ മുളയ്ക്കാത്ത ട്രങ്ങിന്റെ വടുക്കൾ നിറഞ്ഞ മുഖത്തേക്ക് നോക്കി, പതിയെ കണ്ണുകൾ ചില്ലുജാലകങ്ങൾ തുളച്ച് എൺപത്തിയേഴാം എക്സ്പ്രെസ് നിരത്തിന്റെ രണ്ടാം പകുതിയിലെത്തി നിന്നു, വാഹനങ്ങൾ താഴ്വരയെ പടിഞ്ഞാറോട്ടു തട്ടിമാറ്റി കൺമുമ്പിൽ നിന്നും ഓടി മറഞ്ഞു കൊണ്ടിരിക്കുന്നു.

അധികമൊന്നും തിരികെ നൽകാനയാൾക്കില്ലായിരുന്നു. ഒരു ഐ.ബി.എം തിങ്ക്പാഡ് ലാപ്പ്ടോപ്പും പിന്നെ കുറച്ചു റഫറൻസ് പുസ്തകങ്ങളും, ഒക്കെ വളരെപ്പെട്ടെന്നു കഴിഞ്ഞു, മറ്റാരാലോ തട്ടി മാറ്റപ്പെടുന്നതു പോലെ. ഇറങ്ങി വന്ന വഴിയിൽ കണ്ട ചിരപരിചിതങ്ങളായ ഇടനാഴികൾ എങ്ങോ ഒരു കൊളുത്തിട്ടു വലിക്കുന്നതു പോലെ അയാൾക്ക് തോന്നിച്ചു. ഒക്കെ നഷ്ടപ്പെട്ട തോൾസഞ്ചിയും ചുമലിലിട്ട് ലിഫ്റ്റിലെത്തി താഴെയെത്തി. മനസ്സിന്റെ കനം വാരിയെല്ലുകളും തുളച്ചു ശൂന്യമായ തോൾസഞ്ചി നിറച്ചതു പോലെ, താങ്ങാൻ കഴിയാത്ത എന്തോ ഒരു ഭാരം. പതിയെ ബേസ്മെന്റിലെത്തി അയാളുടെ കാറിനായി പരതി. കാഴ്ചക്കുറവു തോന്നുന്നു. മറവി ബാധിച്ചതു പോലെ.

പതിയെ വണ്ടിയോടിച്ചു കൊണ്ടിരിക്കുകയാണയാൾ, അറിയാതെ എൽ.പി.സ്കൂളിലെ കണക്കദ്ധ്യാപകനെ രമേശനോർമ്മ വന്നു. കുറെ പെരുക്കപ്പട്ടികകളും. നാട്ടിലെ വീടിന്റെ വക ഇ.എം.എ – 35000 രൂപ, വണ്ടി മേടിച്ച വക ഇ.എം.എ – 200 ഡോളർ, വീട്ടു വാടക – 1800 ഡോളർ, കറന്റ്, വെള്ളം, ഫോൺ – 300 ഡോളർ പെങ്ങടെ മോൾ ഷിബിയുടെ കല്യാണത്തിനു കൊടുക്കാമെന്നേറ്റ വക – 5000 ഡോളർ. അളിയനു കടമായി മേടിച്ച വക തിരികെ കൊടുക്കാനുള്ളത് – 8000 ഡോളർ. പിന്നെ ഇത്തിരി ഭക്ഷണം കഴിക്കേണ്ടെ....?

തൊണ്ണൂറുകളുടെ അവസാനം മൗണ്ട് റോഡിലൂടെ കാലത്തു രണ്ട് ഇഡ്ഡലിയും കഴിച്ച്, ദിവസം മുഴുവനും ബയോഡാറ്റയുമായി അലഞ്ഞ ദിവസങ്ങൾ. ഇഡ്ഡലി ഒന്നു കുറച്ചാൽ രണ്ടു കോപ്പികൾ കൂടുതൽ എടുക്കാം, ഒക്കെ അയാളുടെ പ്രജ്ഞയിലേക്ക് ഒരു പവർപോയിന്റ് അവതരണം പോലെ കടന്നു വന്നു.

വളരെപ്പെട്ടെന്ന് നിരത്തിൽ അയാളുടെ മുൻപേ ഉണ്ടായിരുന്ന വാഹനങ്ങൾ പിടിച്ചു വലിച്ചതു പോലെ നിന്നു. അയാൾ ഇരുപത്തിയേഴും പതിനെട്ടും തമ്മിലുള്ള സങ്കലനത്തിനായി ശ്രമിച്ചു കൊണ്ടിരിക്കുകയായിരുന്നു. ഇടിയുടെ ആക്കത്തിൽ അഞ്ചു മീറ്റർ നിരങ്ങിയാണ് വണ്ടി നിന്നത്. ഒന്നും പറ്റിയിട്ടില്ല, അയാൾ പുറത്തിറങ്ങി നോക്കി, തൊട്ടു മുന്നിൽ കിടക്കുന്ന ബി.എം. ഡബ്ല്യുവിന്റെ വാലറ്റം അത്ര മോശമല്ലാത്ത തരത്തിൽ തകർന്നിരിക്കുന്നു. വണ്ടിയിൽ നിന്നും ചാടിയിറങ്ങിയ വെള്ളക്കാരൻ എന്തൊക്കെയോ ഉച്ചത്തിൽ സംസാരിക്കുന്നു. ഒക്കെ പാഞ്ഞു പോകുന്ന വാഹനങ്ങളുടെ മുരൾച്ചയിൽ അലിഞ്ഞു പൊയ്ക്കൊണ്ടിരുന്നു. വെള്ളക്കാരൻ പോലീസിനെ വിളിച്ചു കൊണ്ടിരിക്കുന്നു. രമേശൻ കൂട്ടപ്പെടുവാൻ പോകുന്ന വാഹന ഇൻഷുറൻസ് തുകയും കൂടി തന്റെ ലിസ്റ്റിലേക്ക് ചേർക്കുകയാണ്, അതിനു മുൻപ്, 'ഇരുപത്തിയേഴും പതിനെട്ടും....'

അയാൾ കാറിനുള്ളിലേയ്ക്ക് കയറിയിരുന്നു. പാതി ചാരി അമ്മയുടെ മടിത്തട്ടിൽ കിടക്കുന്ന കുഞ്ഞുരമേശൻ. അയാൾ പതിയെ നടക്കുകയാണ്. കരിഞ്ഞു നിലംപൊത്തിയ റബ്ബർ മരങ്ങളുടെ നനുത്ത ഇലകൾ വിരിച്ച തവിട്ടു പരവതാനിയിലൂടെ. ചെറുമാമലകളിൽ ചാലു കീറിയ മെലിഞ്ഞു നീണ്ട വലരികളിൽ കാൽകഴുകി, ചിതറിയ കൊന്നപ്പൂവുകളുടെയും വിടർന്ന കൈതക്കാടുകളുടെയും അപ്പുറത്തുള്ള അയാളുടെ പ്രൈമറി സ്കൂളിലേയ്ക്ക്.....




PROFESSIONAL | REASONABLE | RELIABLE | LICENSED & INSURED | MEMBER OF BBB
ALL-PRO
John Harrison
(810) 936-8800
* Same Phone Number for 40 years *
48550 North Ave, Macomb, MI 48042 | Office Phone: (586) 776-5167
